After having faced for many years the problem of securing qualified nurses for our hospital and also in the face of great difficulties in securing seats for our village girls in the existing nursing schools of the area, the proposal for starting a nursing school of our own was presented before the Field Committee of the Mission. Through the tireless efforts of the missionary achen, Rev. Thomas John and the helpful guidance and assistance given by the Rev. Dr. K. U. Abraham, Field Committee Chairman and Mrs. Joykutty Varghese of Bangalore Mission succeeded in securing government sanction to open a nursing school with an intake of 40 students per year. Thus, in addition to its medical services Hokote mission moved to the realm of medical education also in November 1996, when the first batch of 26 students were enrolled for nursing in the Mar Thoma Medical Mission Institute of Nursing at Hoskote. As the permission to start the school came suddenly even against our hope, temporary arrangements were made to start the school. A three storey building is planned for the school and the construction of the ground floor is in progress. Mrs. Joykutty Varghese who retired from government service as Principle of Victoria Hospital School of Nursing and the Secretary to the Nursing Council of Karnataka govt. kindly offered her honorary service as Principle and three junior tutors are on the staff of the school.

### Management of the Mission

The work at Hoskote started on an ashram basis with the under standing that it was to be supported by voluntary contributions of mission friends and that its affairs were to be managed by mutual consultations and agreement of the workers under the guidance of a local committee. Assuming the name "Christa Sakshya Sanga" the founding members continued under this style of functioning equally sharing responsibilities as well as the funds which came from differ-

ent sources.

But with the restructuring of the mission in 1965, it was brought under the direct management of the MTEA and it was thereafter called as the Hoskote Mission Medical Centre. The Missionaries and the workers, hereafter appointed by the EA, were the paid workers of the EA and they were responsible to it in all matters connected with the work. In the management of the mission field, EA was to be assisted by a local Committee or Field Committee in which Missionaries of the field, Medical Superintendent Achens and lay representatives from the various Mar Thoma Churches of Bangalore area nominated by the Diocesan Episcopa and the EA were to be members. The Field Committee was to meet regularly to review the work and recommend necessary actions to be taken. The mission parishes and their vicars were to work under the Diocesan Episcopa.

**Few Closing Remarks**

From this Short history of Hoskote Mission given in the preceding pages, it is quite evident that what was started in a small way with only two families has grown into the present Hoskote Mission and Medical centre with more than 50 workers engaged in numerous ways of witnessing. In the place of a single house in the town rented for Rs.6 for two pioneering families to live we have at present several fine quarters, churches, institutions and properties in the town and in the different villages. And as the days pass by we are moving into newer and newer ventures of faith and works. As every Sunday comes hundreds of village Christians along with numerous seekers of truth assemble at sixteen centers to worship God and listen to His message. We have every reason to rejoice and thank God for what He has done during the past 50 years. But as we step into the next 50 years, we have to be watchful and prayerful so that the clear vision which guided us in the past may not be exchanged for anything else and that the priority for winning people for the Kingdom of God may not be missed at any cost.



www.nalloorlibrary.com

Once and only once do we read that Jesus a man of sorrows and acquainted with grief, actually "rejoiced in the spirit". It was not in the hour when he stood on the Mount of Transfiguration, His face shining like the sun in its strength; it was not when he rode along the streets of Jerusalem hearing the hosannas of the people, but it was in the hour when those 70 unnamed disciples returned from their evangelistic campaign and reported how many had positively responded to the Gospel concerning the Kingdom and found the way to eternal life. So, Jesus still rejoices when we go out and bring others to Him.

Rev. Dr. K. P. Mathai

(Printed first in the Golden Jubilee Souvenir of Hoskote Mission in June 1997. This article was added in this book to give a comprehensive and complete view of Hoskote Mission History.)

### Family of Mr. M.T. Joseph (1910-1995)

**Parents**

Father : Manon Thomas, Maramon
Mother : Rachel, Elanthur

**Children**

1. M.T. Joseph. Wife - Pennamma
2. Kochannamma. Husband - M.M Samuel
3. M.T.Koshy. Wife -Kunjukunjamma
4. M.T.Kurian. Wife- Kunjamma
5. M.T.Mathai Wife- Gracykutty
6. Rev.Fr.M.T.Thomas (Baby). Wife- Gracy
7. Rev.Fr. M.T.Philip (Thampy). Wife- Kunjamma



www.nalloorlibrary.com

### Family of Pennamma (Mariamma) (1917-1986) wife of M.T.Joseph

**Parents**

Father : Mammen Mammen - Manalukalayil - Kumbanadu
Mother: Mariamma d/o Pazhampallil Padinjattekara Chacko, Pullad.

**Children**

1. Mammen Mammen. Wife Kunjelil
2. Mammen Chacko. Wife Chinnamma
3. Mammen Mathew (Pappy). Wife Mariamma.
4. Mariamma Joseph (Pennamma). Husband - M. T. Joseph
5. Annamma - Husband Thomas s/o Nellikunnathu Mathew, Elanthur
6. Mammen Thomas (Kunjachen). Wife Thankamma

5\. Mammen Zachariah (Thampy). Wife Ammini

## Children of Mr. & Mrs. M.T. Joseph

1. Molamma (Rachel). Husband - P. Frederich

2. Thomas Joseph (Jay). Wife - Nalini

3. Grace. Hsband - Thampy (John Joseph Nalloor)

4. Late. Kunjumole (Annie). Husband - Aby (K.P.Paulose)



www.nalloorlibrary.com



Mr. M.T. Joseph and family. 1947



Rev. A.C. Zachariah and family. 1950



House of Praise
Ms Bagshaw and Ms Karnoe. 1954



Joseph's family 1950



The House of Praise family in 1948.



One of the rented house where the families first moved in ( early 1950's)



Women Mission Workers of Hoskote (Left to Right) Mrs. Joseph, Mrs. Thankamma Chacko, Mrs. Marykutty Kochamma, MRs. Zachariah



Friends of the Mission at Gonakkanahally village.



M.T. Joseph with classmates at South India Bible Seminary.



(Left to Right) Mathai appan, M.T. Joseph, Rt. Rev. Alexander Mar Theophilus, Mr. P. Chacko, Rev. A.C. Zachariah in 1954. Dedication of M.T. Joseph's residence. 1954



Appachen, Ammachi and Rev. A.C. Zachariah with village children.



M.T. Joseph, Mr. Appaiyah, Rev. A.C. Zachariah at Appaiyah's residence.



Dedication of the Rev. A.C. Zachariah's residence at the Ashram. 1954



Workers at the Ashram. 1956



www.nalloorlibrary.com



SIBS students with Mr. P. Chacko in the village. 1955



Mission workers with Abraham and Sarah (Third and fourth from Right), the first believers of Gonakkanahally village at Hoskote Ashram.



Completion and Dedication of "Camp Shed" completed in 1956. The building was later turned into the present Medical Mission Hospital, Hoskote.



Rt. Rev. Alexander Mar Theophilus (Left) with (In Centre)Rev. E. J. George and Dr. Sophie, Ms. Mary Mathew ( sister of Dr. Spohie). Also seen is Samuel Santhosham as a child (Third from Right), who later became the first Karnataka origin Achen.



Dr. Stanley Jones (Third from Right) visiting the Mission Hospital. 1965



Appachen and Ammachi with son Jay and daughter Grace. 1953



Rt. Rev. Philipose Mar Chrysostom on a pastoral visit, with the Mission members. in 1968.



Very Rev. K. E. Oommen (Father of Rt. Rev. Philipose Mar Chrysostom Mar Thoma Metropolitan) at Hoskote for the wedding of Mr. and Mrs. K. M. Samuel.




The Hamilton Family (1974). Close friends of the Hoskote Mission and founders of Vacation Bible School (VBS) Ministries in India.



Prayer and Ground Breaking of Mr. M. T. Joseph house in New Extension Hoskote. (Right to left) Rt. Rev. Alexander Mar Theophilus, Rev. C. G. Alexander and Mr. M. T. Joseph. 1970



Rt. Rev. Alexander Mar Theophilus laying the foundation stone for M. T. Joseph's house in 1970.



www.nalloorlibrary.com



M.T. Joseph and family in 1960.



Parents of Mr. M. T. Joseph. Mr. Thomas Manon and wife Mrs. Rachel.(1960)



Mr. and Mrs. M. T. Joseph. (1971)

# ഹോസ്ക്കോട്ട മിഷനെപ്പറ്റി എന്റെ ചില ഓർമ്മകൾ
## (ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്ത)

ഹോസ്ക്കോട്ട മിഷന് കടുക് മണിയോട് സാദൃശ്യം. ആരംഭം വളരെ ചെറുതെങ്കിലും അത് വളർന്ന് പന്തലിച്ച് അനേകർക്ക് അനുഗ്രഹമായിത്തീർന്നു. ഇന്ന് ഇവിടെ എല്ലാ സൗകര്യങ്ങളും ഉണ്ട്. 49 വർഷം മുമ്പ് ഞാൻ ഇവിടെ വരുമ്പോൾ യാതൊന്നും ഇല്ല. രണ്ട് മൂന്ന് മുൾച്ചെടികൾ മാത്രം. ഏറ്റവും അടുത്തുണ്ടായിരുന്നത് മൃതശരീരങ്ങൾ പോസ്റ്റുമാർട്ടം ചെയ്യുവാൻ കൊണ്ടുവരുന്ന ഒരു കെട്ടിടവും. അതുകൊണ്ട് മനുഷ്യർക്ക് ഇവിടെ വരുവാൻ ഭയമായിരുന്നു. എന്നാൽ പിന്നെ എങ്ങനെയാണ് ഇത് ഇവിടെ ആരംഭിച്ചത്?

ഇതിന്റെ ആരംഭത്തിന്റെ പ്രധാന കാരണം കാലം ചെയ്ത ഏബ്രഹാം മാർത്തോമ്മ തിരുമേനി ആയിരുന്നു. തിരുമേനി ഭാരത സുവിശേഷീകരണത്തിനു വേണ്ടി തന്നാൽ ആവോളം പ്രയത്നിച്ചു. ഭാരതത്തിൽ അങ്ങോളം ഇങ്ങോളം സന്ദർശിച്ച് എവിടെയെല്ലാം സുവിശേഷവേലയ്ക്ക് സാദ്ധ്യതയുണ്ടോ അത് അന്വേഷിക്കുമായിരുന്നു. അങ്ങനെ യാത്ര ചെയ്ത് ഇപ്പോൾ പാകിസ്ഥാന്റെ ഭാഗമായിത്തീർന്ന സിയാൽകോട്ടയിലും കൺവൻഷനുകൾ നടത്തുമായിരുന്നു. അക്കാലത്ത് സിയാൽകോട്ടയിൽ പോകുക എന്നത് വളരെ പ്രയാസമായിരുന്നു. എന്നാൽ തിരുമേനിക്ക് സുവിശേഷീകരണത്തിനു വേണ്ടി കഷ്ടം സഹിക്കാൻ യാതൊരു മടിയും ഇല്ലായിരുന്നു.

അക്കാലത്ത് ബാംഗ്ലൂരിൽ എത്തിയപ്പോൾ ഹോസ്ക്കോട്ടയ്ക്ക് അടുത്ത് ഒരു മദാമ്മ വന്ന് ഒരു അനാഥാലയം നടത്തുന്ന വിവരം തിരുമേനി അറിഞ്ഞു. ആ അനാഥാലയം കണ്ടപ്പോൾ തിരുമേനിയ്ക്ക് ഈ ഭാഗങ്ങളിൽ പ്രവർത്തനം ആരംഭിക്കണം എന്ന് തോന്നി. ഈ കാര്യത്തെകുറിച്ച് ബാംഗ്ലൂരിൽ പ്രസംഗമദ്ധ്യേ അദ്ദേഹം സൂചിപ്പിച്ചു. അങ്ങനെ ബാംഗ്ലൂരിൽ ചെറിയ കൂട്ടത്തിൽ ചെറിയ താത്പര്യം ഉണ്ടായി. അന്ന് ബാംഗ്ലൂരിൽ ഇടവക ചെറുതായി ആരംഭിച്ചു വരുന്നതേയുള്ളു.

അതേസമയം മറ്റു ചിലരുടെ ഹൃദയങ്ങളിലും ആശയം ഉണ്ടായി. കോട്ടയം സി. എം. എസ്. ഹൈസ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരുന്ന



www.nalloorlibrary.com

ശ്രീ. എ. സി. സഖറിയ, മാരാമണ്ണ് അഞ്ചൽ മാസ്റ്ററായി ജോലി ചെയ്തു കൊണ്ടിരുന്ന ശ്രീ. എം. റ്റി. ജോസഫ് എന്നിവർക്ക് സുവിശേഷ വേലയിൽ താത്പര്യം ഉണ്ടായി. ജോലി ഉപേക്ഷിച്ച് സുവിശേഷ വേലയിൽ പരിശീലനത്തിനായി കോളാറിലുള്ള ബൈബിൾ സ്കൂളിൽ വന്നു. സുവിശേഷവേലയ്ക്കായി വരുന്നവർ അതിനുവേണ്ടി സമർപ്പണം ഉള്ളവരും ദൈവം തങ്ങളെ വിളിച്ചിരിക്കുന്നു എന്ന ബോധമുള്ളവരും ആയിരിക്കണം. ആ ചിന്ത ഈ രണ്ട് വ്യക്തികളിലും ഉണ്ടായി. സുവിശേഷ വേലയെപ്പറ്റി താത്പര്യം ഉണ്ടായപ്പോൾ അവർ തങ്ങളുടെ ജോലി ഉപേക്ഷിക്കുവാൻ തയ്യാറായി. ദൈവാത്മ പ്രചോദനം ആണ് ഏറ്റവും പ്രധാനം. അതോടൊപ്പം തങ്ങളുടെ ആയുസിനെ പ്രതിഷ്ഠിച്ചു കഴിയുമ്പോൾ പിന്നെ മറ്റ് പ്രയാസങ്ങൾ സാരമില്ല. ഇവർ കോളാറിൽ പഠിച്ചു കൊണ്ടിരിക്കുമ്പോൾ ഹോസ്ക്കോട്ട് ഗ്രാമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ ആഗ്രഹമുണ്ടായി. അവർ ബൈബിൾ സ്കൂളിൽ പഠനം പൂർത്തിയാക്കിയതിനു ശേഷം ഹോസ്ക്കോട്ടയിൽ പ്രവർത്തിക്കുവാൻ തീരുമാനിച്ചു.

അക്കാലത്ത് ഞാനും ബാംഗ്ലൂരിൽ പഠിക്കുന്നതിനായി വന്നു. 12 കൊല്ലം കോട്ടയത്ത് പഠിപ്പിച്ചതിനു ശേഷം ജോലി രാജിവച്ചിട്ടാണ് വന്നത്. അന്ന് ഞാൻ ബാംഗ്ലൂരിൽ പഠിക്കുമ്പോൾ ബാംഗ്ലൂരിലെ ഇടവക വികാരി, ഇപ്പോഴത്തെ സഫ്രഗൻ മെത്രാപ്പോലീത്ത തിരുമേനിയായിരുന്നു. ഞങ്ങൾ രണ്ടു പേരും പഠിച്ചുകൊണ്ടിരിക്കുമ്പോൾ പട്ടം ഏറ്റവർ ആണ്. ഞാൻ വന്ന് പഠനം തുടങ്ങി ആറു മാസം കഴിഞ്ഞപ്പോൾ ശെമ്മാശനായി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുമ്പോൾ കശീശായായി പട്ടം ഏറ്റു. അതോടു കൂടി ബാംഗ്ലൂർ ഇടവകയുടെ ചുമതല എനിക്കായി. പട്ടം ഏറ്റ് ശുശ്രൂഷ ചെയ്യുവാൻ തുടങ്ങിയപ്പോൾ ശ്രീ. എ. സി. സഖറിയായും, ശ്രീ. എം. റ്റി. ജോസഫും ഹോസ്ക്കോട്ടയിൽ വന്നു. ഇവർ രണ്ടു പേരും എന്റെ സുഹൃത്തുക്കൾ ആയതുകൊണ്ട് അവരോടുള്ള സ്നേഹബന്ധം മൂലം ഞാനും ഹോസ്ക്കോട്ടയുമായി ബന്ധപ്പെട്ടു.

സുവിശേഷ വേലയുടെ വളർച്ചയ്ക്ക് ഒരു ഇടവക അതുമായി ബന്ധപ്പെടേണ്ടതാണ്. ബർന്നബാസിനേയും, പൗലോസിനെയും പ്രാർത്ഥിച്ച് അയച്ചത് അന്ത്യോക്ക്യായിലെ സഭയാണ്. അതുകൊണ്ട് ഇടവകയുമായുള്ള ബന്ധം സുവിശേഷവേലയ്ക്ക് ആവശ്യമാണ്. ഞാൻ സി. എം. എസ്. കോളജിൽ പഠിക്കുമ്പോഴാണ് സുവിശേഷവേലയുമായുള്ള ബന്ധം പ്രവർത്തന പഥത്തിലായത്.

അവിടെ ഒരു മിഷനറി സംഘം ഉണ്ടായിരുന്നു. അവധിക്കാലങ്ങളിൽ അവരോടൊപ്പം മിഷനറി പ്രവർത്തനങ്ങൾക്കായി വൈക്കം, ചേർത്തല മുതലായ സ്ഥലങ്ങളിൽ ഞാൻ പോയിട്ടുണ്ട്. അന്ന് മിഷനറി ഗ്രൂപ്പിൽ പോയിട്ടുള്ളവരിൽ ഇന്നത്തെ യാക്കോബായ സഭയിലെ ശ്രേഷ്ഠ കാതോലിക്കാ ബാവായും ഉണ്ടായിരുന്നു. ആ താത്പര്യം എന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നതുകൊണ്ട് ബാംഗ്ലൂർ ഇടവകക്കാരെക്കൊണ്ട് ഒരു team ഉണ്ടാക്കി. കോളജിൽ നിന്നും 4 മണിക്ക് ശേഷം സൈക്കിളിൽ ഇറങ്ങി ഇടവക സന്ദർശനം ആരംഭിക്കും. എന്നിട്ട് കബ്ബൺ പാർക്കിൽ ഉണ്ടായിരുന്ന ഒരു പുളിമരത്തിന്റെ ചുവട്ടിൽ ഞങ്ങൾ ഒത്തു ചേരുകയും പ്രാർത്ഥിക്കയും സുവിശേഷവേലയെപ്പറ്റി ചിന്തിക്കുകയും ചെയ്യുമായിരുന്നു. ഞായറാഴ്ച ആരാധനയ്ക്കു ശേഷം ശ്രീ. സി. ഡാനിയേലിന്റെ വാഹനത്തിൽ Prayer Fellowship -ൽ ഉള്ള എല്ലാവരും കൂടി ഹോസ്ക്കോട്ടയ്ക്ക് പോകുമായിരുന്നു. ആ സമയത്ത് വളരെയധികം സഹായം ചെയ്തിരുന്നത് മിസ്സ്. മത്തായി ആയിരുന്നു. ശ്രീ. കെ. ജെ. ഏബ്രഹാം ആയിരുന്നു Fellowship -ൽ അവസാനം നിര്യാതനായത്. അന്ന് ഹോസ്ക്കോട്ടയിൽ നമ്മുടെ സ്നേഹിതർ താമസിച്ചിരുന്നത് മണ്ണുകൊണ്ട് നിർമ്മിച്ച രണ്ട് കെട്ടിടങ്ങളിൽ ആയിരുന്നു. ഞങ്ങളും ഹോസ്ക്കോട്ടയിൽ ചെന്ന് ഈ സ്നേഹിതരോട് ചേർന്ന് ചുറ്റുമുള്ള ഗ്രാമങ്ങളിൽ പോകുമായിരുന്നു. അത് ഞങ്ങൾക്ക് സന്തോഷവും അവർക്ക് ശക്തിയും ആയിരുന്നു. പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും മദ്ധ്യത്തിൽ താമസിച്ചുകൊണ്ട് ചുറ്റുമുള്ള ഗ്രാമങ്ങൾ സന്ദർശിക്കയും ചന്തകളിലും തെരുവുകളിലും ലഘു ലേഖനങ്ങൾ വിതരണം ചെയ്യുകയും അങ്ങനെ സുവിശേഷം അറിയിക്കുകയും ചെയ്തിരുന്നു.

ഒരിക്കൽ ഗൊണക്കനഹള്ളിയിൽ നിന്നും ചന്തയിൽ വന്ന ഒരു സത്രീ (സാറ) മർക്കോസിന്റെ സുവിശേഷം വാങ്ങിച്ചു. ഈ കാര്യം അവളുടെ ഭർത്താവിന് ഇഷ്ടമായില്ല. ക്രിസ്ത്യാനികളുടെ പുസ്തകം കളയുവാൻ ആവശ്യപ്പെട്ടു. ഒരണ കൊടുത്ത് വാങ്ങിയതല്ലേ, കളയണ്ട എന്ന അഭിപ്രായത്തോടു കൂടി സ്ത്രീ അത് സൂക്ഷിച്ചു. അങ്ങനെയിരിക്കുമ്പോൾ മിഷ്യനിൽ നിന്ന് രണ്ട് പ്രവർത്തകർ ഗൊണക്കനഹള്ളിയിൽ ഒരു ഗ്രാമത്തിൽ പ്രവർത്തനത്തിനായി താമസം ആരംഭിച്ചു. അവർ ഗൊണക്കനഹള്ളിയിൽ ഈ സ്ത്രീ (സാറ) യുടെ വീട്ടിൽ ചെന്ന് യേശുവിനെ കുറിച്ച് പറഞ്ഞു. അവർ വിശ്വാസത്തിൽ ഉറച്ചു. ഭർത്താവ് സ്വല്പം പിണക്കക്കാരനും മദ്യപാനിയും ആയിരുന്നു. ആദ്യം ക്രിസ്തു മാർഗ്ഗത്തെ എതിർത്തു



www.nalloorlibrary.com

പറഞ്ഞുവെങ്കിലും പിന്നീട് തന്റെ ഭാര്യയുടെ ജീവിതം കണ്ടപ്പോൾ ക്രിസ്തു മാർഗ്ഗം സ്വീകരിക്കുവാൻ അയാൾ തയ്യാറായി. ഇവരാണ് ഹോസ്ക്കോട്ടയിലെ ആദ്യ ഫലങ്ങൾ. അബ്രഹാം സാറ എന്ന പേര് സ്വീകരിച്ചുകൊണ്ട് അവർ സ്നാനം ഏറ്റ് സഭയുടെ അംഗങ്ങൾ ആയി. അവർ ഇപ്പോഴും വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നു. അവർക്ക് മക്കൾ ഇല്ല. അവരുടെ ഗ്രാമത്തിൽ നമുക്ക് ഒരു ചാപ്പൽ ഉണ്ട്. പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു.

കുറെ കാലത്തിനു ശേഷം ഹോസ്ക്കോട്ടയിൽ ഇപ്പോൾ കാണുന്ന സ്ഥലം വാങ്ങിച്ചു. അന്ന് ഇവിടെ വെള്ളം ഇല്ലായിരുന്നു. കുറെ മുൾചെടികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഞാൻ അവിടെ വരുമ്പോൾ ഒക്കെ പറയുമായിരുന്നു, ഇവിടെ ഒരു കെട്ടിടം പണിത് എന്തെങ്കിലും ആരംഭിക്കണം എന്ന്. ഇവിടെ നിന്നും ഞാൻ അമേരിക്കയിൽ പോയി. വീണ്ടും ഇവിടെ തിരികെ വരുന്നത് മിഷ്യനറി ബിഷപ്പായിട്ടാണ്. അപ്പോഴും ഇവിടെ കെട്ടിടം ഒന്നും ഉണ്ടായിട്ടില്ല. ഒരു മുൾചെടിയുടെ ചുവട്ടിൽ ഒരു കുടിൽ കെട്ടി മൂന്നര ദിവസം ഞാൻ അതിൽ പാർത്തു. അപ്പോൾ ബാംഗ്ലൂരിൽ ഉള്ള സ്നേഹിതരും ഇവിടെയുള്ളവരും കൂടി തീരുമാനിച്ചു, ഇവിടെ കെട്ടിടം പണിയണം എന്ന്. അങ്ങനെ രണ്ട് ചെറിയ കെട്ടിടങ്ങൾ പണിത് അവിടെ ഇതിന്റെ ആദ്യകാല പ്രവർത്തകർ താമസം തുടങ്ങി. ഈ സമയത്തും ഞാൻ ബാംഗ്ലൂരിൽ വരുമ്പോൾ അവിടെയുള്ള സ്നേഹിതരേയും കൂട്ടി ഹോസ്ക്കോട്ട സന്ദർശിക്കുമായിരുന്നു.

ഇങ്ങനെ കുറെ കാലം കടന്നു പോയി.. ജനങ്ങൾക്ക് പ്രയോജനകരമായി എന്തെങ്കിലും ചെയ്തു എങ്കിലേ സുവിശേഷവേല ഫലപ്രദമായി നടക്കുകയുള്ളു എന്ന് മനസ്സിലായി. ശ്രി. എ. സി. സഖറിയായിക്ക് ഹോമിയോപ്പതിയിൽ സ്വല്പം പരിചയം ഉണ്ടായിരുന്നു. അതുകൊണ്ട് ഹോമിയോപ്പതിയിൽ ചികിത്സ ആരംഭിച്ചു. ജനങ്ങൾ കൂടുതലായി വരുവാൻ തുടങ്ങി. ജനങ്ങൾക്ക് പ്രയോജനകരമായി എന്തെങ്കിലും ചെയ്യുമ്പോൾ മാത്രമേ ജനങ്ങൾ നമ്മേ സമീപിക്കുകയുള്ളു. ഇതോടു കൂടി ഒരു ആശുപത്രി ഇവിടെ തുടങ്ങണം എന്ന ചിന്ത ഉടലെടുത്തു. അപ്പോഴാണ് ഇവിടുത്തെ പ്രവർത്തനത്തിനായി ഇ. ജെ. ജോർജ് അച്ചനും ഡോ. സോഫിയും കൂടി വന്നത്. അവർ ചെയ്ത പ്രവർത്തനം ഏറ്റവും അനുഗ്രഹകരമായിരുന്നു. തങ്ങളുടെ കുട്ടികളോടൊപ്പം ഗ്രാമീണരുടെ കുട്ടികളെ കൊണ്ടുവന്ന് അവർ താമസിച്ചു പഠിപ്പിച്ചു. അതിൽ

ഒരാളാണ് ഇന്ന് മാർത്തോമ്മാ സഭയിലെ ഒരച്ചനായ സാം സന്തോഷ്.

തുടർന്ന് അമേരിക്കൻ ലെപ്രസി മിഷ്യനുമായി ചേർന്ന് കുഷ്ഠരോഗികളുടെ ഇടയിലുള്ള പ്രവർത്തനം ആരംഭിച്ചു അങ്ങനെ ഇവിടെയുള്ള പ്രവർത്തനം വളർന്നു വന്നു. പെട്ടന്ന് ഒരു കാര്യം ചെയ്യണം എന്ന് വിചാരിച്ചാൽ നടക്കുകയില്ല. അതുകൊണ്ട് 2 തിമോ 2ാം അദ്ധ്യായത്തിൽ പറയുന്നതുപോലെ കൃഷിക്കാരൻ അതിന്റെ ഫലത്തിനായി .കാത്തിരിക്കണം. സാവകാശം വളർന്നു വരുന്നതു മാത്രമെ സ്ഥിരമായി നില്ക്കുകയുള്ളു. സമർപ്പണത്തോടുകൂടി ദീർഘകാലം പ്രവർത്തിക്കുവാൻ വ്യക്തികൾ ഒരുങ്ങി വരുന്നു എങ്കിൽ മാത്രമേ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ മമ്പോട്ടു പോവുകയുള്ളു. അതുകൊണ്ട് എനിക്ക് വളരെ ശക്തമായി പറയുവാനുള്ളത് ഗോതമ്പുമണി നിലത്തു വീണു ചാകുന്നു എങ്കിൽ അത് ഫലം കായ്ക്കും, നിലത്ത് വീണ് ചത്ത് നിലത്തിന് വളമാകാൻ സാധിക്കുന്നില്ല എങ്കിൽ ഒരു പ്രയോജനവും ഇല്ല. നമ്മുടെ ആയുഷ്ക്കാലം ദൈവത്തിൽ ആശ്രയം വച്ച് പ്രവർത്തിക്കുന്നു എങ്കിൽ ദൈവം ഫലം തരും. ഇപ്പോൾ കർണ്ണാടകത്തിന്റെ പല സ്ഥലങ്ങളിൽ ധാരാളം പേർ സ്നാനപ്പെടുന്നുണ്ട്. എന്നാൽ അവരുടെ നിലനില്പ് അവർ താമസിക്കുന്ന സ്ഥലങ്ങളിൽ അവരോടൊപ്പം താമസിച്ച് അവർക്കുവേണ്ടി ജീവൻ കൊടുക്കുവാൻ തയ്യാറുള്ളവരെ ആശ്രയിച്ചിരിക്കും. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് ഓരോ ഗ്രാമത്തിൽ താമസിക്കുന്നവർ അവരുടെ ഭാഷ പഠിച്ച് അവരോടൊപ്പം പ്രവർത്തിക്കുവാൻ തയ്യാറാകണം. അപ്പോൾ മാത്രമേ വേല ഫലപ്രദമാകുകയുള്ളു. ഈ വിചാരങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ പതിയണം. ഇവിടെ കുടുംബമായി താമസിച്ച് പ്രവർത്തിക്കുവാൻ പ്രവർത്തകർ തയ്യാറാകണം. നമ്മുടെ ജീവിതത്തെപറ്റി ഒരു ദർശനം ലഭിക്കുവാൻ പ്രാർത്ഥിക്കണം. ആ ദർശനത്തോടുകൂടി മുമ്പോട്ട് ഇറങ്ങിയവർക്ക് പിന്മാറാൻ പറ്റുകയില്ല. അതുകൊണ്ട് എന്റെ ദൈവമേ എന്റെ സമർപ്പണത്തെ സ്വീകരിക്കേണമേ എന്ന് പ്രാർത്ഥിക്കാം

**(മെത്രാപ്പോലീത്ത തിരുമേനി ഹോസ്ക്കോട്ട് മിഷൻ ജൂബിലിയുടെ ഉത്ഘാടനത്തിൽ പങ്കുവെച്ച ഓർമ്മകൾ) തയ്യാറാക്കിയത് റവ. തോമസ് ജോൺ.**



# ജ്യേഷ്ഠന്റെ സഹപാഠി

മാരാമൺ ഇടവകയിൽ മനോണ് തോമ്മാച്ചന്റെ മകൻ ശ്രീമാൻ ജോസഫും ഞാനും ഒരു ഇടവകയുടെ അംഗങ്ങളായി വളരെ നാൾ ജീവിച്ചു. എന്റെ ജ്യേഷ്ഠന്റെ സഹപാഠിയായിരുന്നു. അദ്ദേഹം പഠനം കഴിഞ്ഞ ശേഷം തിരുവിതാംകൂറിന്റെ വകയായുള്ള അഞ്ചലാപ്പീസിന്റെ മാസ്റ്റർ ആയി പ്രവർത്തിച്ചു. വിദേശത്ത് ഉള്ളവരുടെ വർത്തമാനം സ്വദേശത്തുള്ളവർക്കു നൽകുന്നതിനും, സ്വദേശികളുടെ സന്ദേശം വിദേശവാസികൾക്കു നൽകുന്നതുമായ മഹനീയ ശുശ്രൂഷയാണ് ജോസഫ് സാർ നിർവ്വഹിച്ചിരുന്നത്. തിരുവനന്തപുരവും, മൂവാറ്റുപുഴയും, ആലുവായും, കൊല്ലവും എല്ലാം ലണ്ടൻ, ന്യൂയോർക്ക്, മെൽബോൺ എന്നീ സ്ഥലങ്ങൾപോലെ മാരാമൺകാർക്കു വിദൂരമായിരുന്നു. ആലുവാ കോളജിൽ പഠിക്കുന്ന ഞങ്ങൾക്കു ഫീസിനു പണം ലഭിക്കുന്നത് മാരാമൺ അഞ്ചലാപ്പീസിലെ ജോസ്ഫ് സാറിന്റെ സഹായത്തോടായിരുന്നു. തിരുവനന്തപുരത്ത് ജോലി ചെയ്യുന്നവരുടെ സെക്രട്ടറിയേറ്റിലെ ശമ്പളത്തിന്റെ മാതാപിതാക്കന്മാരുടെ വിഹിതം ജോസഫ് സാറിന്റെ ആഫീസ് മുഖാന്തിരമാണ് ലഭിച്ചിരുന്നത്. അതിനാൽ മാരാമണ്ണ് അറിയപ്പെട്ട ഒരു വ്യക്തിയും, എല്ലാവർക്കും പ്രയോജനമുള്ള ഒരു പൗരനുമായിരുന്നു സാർ.

സുമുഖനും, ശാന്തനും, വിനീതനും, സ്നേഹ സമ്പൂർണ്ണനുമായ സാർ എല്ലാവർക്കും ഒരു മാസ്റ്റർ ആയിരുന്നു. സാമൂഹ്യസേവനം, മനുഷസഹായം ഇവ സാറിന്റെ കൂടപ്പിറപ്പുകളായിരുന്നു. നവീകരണത്തിന്റെ ഈറ്റില്ലമായ മാരാമണ്ണ് ജനിച്ച ജോസഫ്സാർ ചെറുപ്പം മുതലേ ഒരു ക്രിസ്തീയ വിശ്വാസി ആയി വളർന്നു വന്നു. സണ്ടേസ്കൂളിൽ പഠിക്കുകയും, പഠിപ്പിക്കുകയും സാറിന്റെ കൗതുകമേറിയ പ്രവർത്തനമായിരുന്നു. പള്ളി ആരാധനയിൽ സംബന്ധിക്കുന്നതിൽ നിഷ്ടയേറിയ ശ്രദ്ധ സാറിന് ഉണ്ടായിരുന്നു. സാറിന്റെ മുഖത്തിന്റെയും, പല്ലിന്റെയും നിറം ഒന്നായിരുന്നതിനാൽ സാറിന്റെ ചിരി ആകർഷണീയമായിരുന്നു. കാർഡും കവറും, പണം നൽകാതെ മാതാപിതാകന്മാർക്കുപോലും നൽകാത്ത സാർ തന്റെ സുന്ദരമായ ചിരി തന്റെ കാഴ്ചയിൽ വന്നു ചേർന്ന ആർക്കും നിഷേധിച്ചിരുന്നില്ല. അതിനാൽ സാർ എല്ലാവരുടെയും ഒരു സ്നേഹിതനായിരുന്നു.



www.nalloorlibrary.com

ഒരു ഗ്രാമത്തിന്റെ അഞ്ചൽ മാസ്റ്റർ ഉന്നതനായ ഒരു ഉദ്യോസ്ഥനാണ്. അതിനാൽ സാറിന് അംഗീകാരത്തിനായുള്ള നെട്ടോട്ടം ഇല്ലായിരുന്നു. ഉള്ളതിൽ സന്തുഷ്ടനായിരുന്നു. ഇത് ഒരു ജീവിത ശൈലിയായിതന്നെ തീർന്നു. പരിമിതികളെ പാരാതിയായി വേഷം ധരിപ്പിക്കാതെ ജീവിത യാഥാർത്ഥ്യങ്ങളുടെ ഭാഗമായി സാർ അംഗീകരിച്ചിരുന്നു. അതിനാൽ സംതൃപ്ത ജീവിതം അദ്ദേഹത്തിന് ദൈവം നല്കി.

ബാംഗ്ലൂരിനടുത്ത് ഹോസ്കോട്ട എന്ന സ്ഥലത്ത് ഒരു സുവിശേഷ വേല ബാംഗ്ലൂർ ഇടവകയുടെ നേതൃത്വത്തിൽ ആരംഭിച്ചു. കുറിയന്നൂർ സ്വദേശിയായ എ. സി. സഖറിയ സാർ (പിന്നീട് സഖറിയ അച്ചൻ) അവിടെ പോകാൻ നിശ്ചയിച്ചതായി വാർത്ത വിതരണ ആഫീസ് മാസ്റ്റർ ശ്രീ. എം. റ്റി. ജോസഫ് അറിഞ്ഞു. ഈ പരിപാടി ആരംഭിക്കുന്നതിന് ഒരു കൂട്ടു പ്രവർത്തകനെ ലഭിക്കേണ്ടിയിരുന്നു. ഒരോ എഴുത്തും കണ്ടു മേൽവിലാസം വായിച്ച് അതു തക്ക സ്ഥാനത്ത് എത്തിക്കുന്നതിന് ക്രമീകരണം ചെയ്യും വിധം, പ്രതികരണ ശീലം അഭ്യസിച്ച സാർ ഹോസ്കോട്ടയിലെ ആവശ്യത്തോടും പ്രതികരിച്ചു. "കർത്താവേ തക്ക ആളിനെ അയയ്ക്കേണമേ" എന്ന് പ്രാർത്ഥിച്ച് തൃപ്തനാകാതെ, ഇതൊരു വെല്ലുവിളിയായി സ്വീകരിച്ച് സർക്കാർ ഉദ്യോഗം ഉപേക്ഷിച്ച് സ്വർഗ്ഗീയ ഉദ്യോഗം സ്വീകരിക്കുന്നതിന് തീരുമാനിച്ചു. കന്യക മറിയം "ഞാൻ കർത്താവിന്റെ ദാസി" എന്നു പറഞ്ഞതുപോലെയുള്ള ഒരു സമർപ്പണം ആയിരുന്നു അത്. ഇന്ന് സുവിശേഷ സംഘത്തിന്റെ പ്രവർത്തന പരിപാടിയിൽ മുൻപന്തിയിൽ നിൽക്കുന്ന ഹോസ്കോട്ട പ്രവർത്തനത്തിന്റെ ആരംഭം ഈ തീരുമാനവുമായി ബന്ധപ്പെട്ടിരിക്കുന്നു. നാം വേദപുസ്തകം പഠിക്കുമ്പോൾ, സാധാരണ സംഭവങ്ങളിലാണ് അസാധാരണ അനുഭവങ്ങൾ ഉളവാകുന്നത് എന്ന സത്യം വ്യക്തമാണ്. കർണാടക ദേശത്തുള്ള (Bangalore Area) സുവിശേഷ വേലയുടെ ആരംഭത്തിനും, വളർച്ചയ്ക്കും, ജോസഫ് സാറിന്റെ ഈ പ്രത്യുത്തരം ഉതകി. സാറും, സാറിന്റെ ഭാര്യയും, കാർണാടക ദേശത്തു ജീവിച്ച് പ്രവർത്തിച്ച് ഭൗതിക ശരീരം അവിടെ അടക്കപ്പെട്ട രണ്ടു മഹൽ വ്യക്തികളാണ്.

ശാന്തനും, മിതഭാഷിയുമായിരുന്ന സാർ അടിയുറച്ച ഒരു ദൈവവിശ്വാസി ആയിരുന്നു. അതിനാലാണ് നിശ്ചിത ശമ്പളം ആവശ്യപ്പെടാതെ ദൈവം നൽകുന്ന അനുഭവങ്ങളെ



അനുഗ്രഹങ്ങളായി കണ്ടുകൊണ്ട് അവർ ഒരു ആശ്രമ ജീവിതം ആരംഭിച്ചത്. അവരുടെ സന്താനങ്ങളുടെ ഭാവിയും അവർ വിശ്വസ്തനായ ദൈവത്തിന്റെ കരങ്ങളിൽ പൂർണ്ണമായി ഭരമേല്പിച്ചു. സാറും കുടുംബവും ഹോസ്കോട്ടയിൽ ജീവിതം അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു. ഹോസ്കോട്ട മിഷൻ പ്രവർത്തനവും, ജോസഫ് സാറിന്റെ കുടുംബ ചരിത്രവും, വളരെ അധികം ഇഴുകി ചേർന്നിട്ടുണ്ട്.

ഗ്രാമവാസികളെ സ്നേഹിക്കുകയും, കരുതുകയും, ക്രിസ്തുവിലുള്ള രക്ഷയുടെ സന്തോഷത്തിലേക്ക് നയിക്കുകയും ചെയ്യുന്നതിൽ സാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഗ്രാമവാസികൾക്ക് സാർ ഒരു അത്താണിയും, ഉപദേഷ്ടാവും ആയിരുന്നു. ജോലിയിൽ നിന്ന് വിരമിച്ച ശേഷവും ഒരു വീടു പണിത് മിഷൻ സെന്ററിനടുത്ത് താമസിച്ചു. അതിനാൽ അവസാനം വരെയും ഹോസ്കോട്ടയിലെ സുവിശേഷ വേലയുമായി ബന്ധം പുലർത്തിയിരുന്നു.

സാറിന്റെ ഭാര്യയും ഈ വേലയിൽ പൂർണ്ണമായി സഹകരിച്ചിരുന്നു. ഗ്രാമവാസികളും കൊച്ചമ്മയുമായുള്ള ബന്ധം വളരെ നല്ലതായിരുന്നു. അവിടെയുള്ള പ്രവർത്തനങ്ങളിൽ ഇരുവരും പൂർണ്ണമായി സഹകരിച്ചിരുന്നു. ഇരുവരും അവിടെതന്നെ അടക്കപ്പെട്ടു.

രണ്ട് ആളുകൾ വർഷങ്ങൾക്കു മുമ്പ് ദൈവ വിളിക്കു നൽകിയ പ്രത്യുത്തരം ഇന്ന് 8 ചാപ്പലുകൾ, 20 സുവിശേഷ പ്രവർത്തന കേന്ദ്രങ്ങൾ, 10 സുവിശേഷകർ, 1 പട്ടക്കാരൻ, 800 വിശ്വാസികൾ, ഒരു ആസ്പത്രി, നേഴ്സിംഗ് സ്കൂൾ, കുഷ്ടരോഗ ചികിത്സാ കേന്ദ്രം, അഗതി മന്ദിരം, മുതലായ പല സ്ഥാപനങ്ങളും, സംഘടനകളും ഉള്ള ഒരു പ്രവർത്തനമായി രൂപാന്തരപ്പെട്ടു. ഒരു കടുകുമണിപോലെ ചെറിയ ആരംഭം ഇന്ന് ആകാശത്തിലെ പറവകൾ അവയിൽ കൂടുവെച്ചു വിശ്രമിക്കുന്നു.

**22.11.2001**

**ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മ മെത്രാപ്പോലീത്ത**



www.nalloorlibrary.com

# മധുരസ്മരണകൾ

ജോസഫ് സാറിനെ കുറിച്ചും, പെണ്ണമ്മകൊച്ചമ്മയെ കുറിച്ചും രണ്ട് വാക്ക് എഴുതുന്നത് ഞങ്ങൾക്ക് സന്തോഷമുള്ള കാര്യമാണ്. 1947 മുതൽ അവരെ ഞങ്ങൾക്ക് അറിയാം. സുവിശേഷ വേലയ്ക്കായിട്ട് കേരളത്തിൽ നിന്ന് ഹോസ്കോട്ടയിലേക്ക് ജോസഫ് സാറും കുടുംബവും, ഞങ്ങളുടെ മാതാപിതാക്കളും, ഞങ്ങളും, ഒരുമിച്ച് യാത്ര ചെയ്തു. ആ യാത്ര വളരെ സന്തോഷകരമായിരുന്നു.

ഹോസ്കോട്ടയിൽ ചെന്ന് ഞങ്ങൾ മണ്ണുകൊണ്ട് ഉണ്ടാക്കിയ ഒരു വീട്ടിൽ താമസിച്ചു. ഒരുമിച്ച് ഭക്ഷണം പാകം ചെയ്ത്, കഴിച്ച്, പ്രാർത്ഥിച്ച്, ആരാധിച്ച്, കൂട്ടായ്മ ആചരിച്ച് ഒരു കുടുംബത്തിലെ അംഗങ്ങളെ പോലെ ഞങ്ങൾ കുറെക്കാലം അവിടെ താമസിച്ചു. കുറെ മാസങ്ങൾക്കുശേഷം (വർഷം ആണോ എന്ന് ഓർമ്മയില്ല) ജോസഫ് സാർ കുടുംബമായി അടുത്തുള്ള വേറൊരു വീട്ടിലേക്ക് താമസം മാറ്റി.

ഞങ്ങൾ പഠനസ്ഥലത്തു നിന്ന് അവധിക്ക് വരുമ്പോഴെല്ലാം അവിടെ പോകുന്നത് വളരെ ഇഷ്ടമായിരുന്നു. കാരണം അവിടെ ഞങ്ങൾക്ക് ലഭിക്കുന്ന ഹൃദ്യമായ സ്വീകരണം, സ്നേഹം, കൊച്ചമ്മയുടെ ചിരി, സംസാരം, അതിഥി സൽക്കാരം, ഇവയൊക്കെ അനുഭവങ്ങളായിരുന്നു. ഹോസ്കോട്ട മിഷൻ ഫീൽഡ് സന്ദർശിച്ചിട്ടുള്ളവർക്കും, അവിടെ താമസിച്ച് പ്രവർത്തിച്ചിട്ടുള്ളവർക്കും ഈ കാര്യങ്ങൾ അറിവുള്ളതും അനുഭവമുള്ളതുമത്രേ.

സാറിന്റെയും കൊച്ചമ്മയുടെയും, വേറെ ചില കാര്യങ്ങളും ഞങ്ങളെ ചിന്തിപ്പിക്കയും സ്വാധീനിക്കയും ചെയ്തിട്ടുണ്ട്. ജോസഫ് സാറും കൊച്ചമ്മയും, അവർക്ക് ലഭിച്ച ദൈവവിളിയോട് നൂറു ശതമാനവും അനുസരണം കാട്ടിയിരുന്നു. ലോകമനുഷ്യർക്ക് അവരുടെ തിരഞ്ഞെടുപ്പ് വെറും ഭോഷത്വമായി തോന്നാം. കാരണം ദൈവവിളി ലഭിക്കുമ്പോൾ രണ്ടു പേർക്കും ഉറപ്പുള്ള ജോലികളും, സ്ഥിരവും സ്ഥായിയുമായ ശമ്പളവും വരുമാനവും ഉള്ളവരായിരുന്നു എന്നത്രേ ഞങ്ങളുടെ അറിവ്. തങ്ങളുടെ ജീവിതത്തിന് സുരക്ഷിതത്വവും കെട്ടുറപ്പും, ഭാവി ഭദ്രമാക്കുന്നതിന് ഉതകുന്നതുമായ എല്ലാ നേട്ടങ്ങളും ഉണ്ടായിരുന്നവർ, അതെല്ലാം പൌലോസിനെപ്പോലെ ചപ്പെന്നും ചവറെന്നും എണ്ണി ഉപേക്ഷിച്ചു. സുനിശ്ചയമായ



ഭാവിയെകുറിച്ചുള്ള പ്രതീക്ഷയിൽ നിന്ന് അനിശ്ചിതമായ ഒരു ഭാവിയിലേക്ക് വിശ്വാസത്തോടെ ദൈവത്തോടു കൂടെ ഒരു എടുത്തുചാട്ടമത്രെ അവർ ചെയ്തത്. ഈ തിരഞ്ഞെടുപ്പും ദൈവവിളിയോടുള്ള അനുസരണവുമത്രേ അവരെ ഹോസ്കോട്ടയിൽ എത്തിച്ചത്.

വേറൊന്ന്, അവർക്ക് ആ മണ്ണ് വിട്ട് വേറൊരിടത്തേക്ക് മാറി പോകുന്നതിൽ താത്പര്യമില്ലായിരുന്നു. അവിടെ ജീവിച്ച് പ്രവർത്തിച്ചു അവിടെ തന്നെ മരിച്ച് ആ മണ്ണിൽ തന്നെ അടക്കപ്പെടണമെന്ന് അവർ ആഗ്രഹിച്ചിരുന്നതായി സാറ് പറഞ്ഞിട്ടുണ്ട്. രണ്ടു പേർക്കും അത് സാധിച്ചു.

ഹോസ്കോട്ടയിൽ താമസിക്കുമ്പോൾ സാറിനും കുടുംബത്തിനും വളരെ പ്രാരാബ്ദങ്ങളും, ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു. സാമാന്യം വലിയ ഒരു കുടുംബം - കുഞ്ഞുങ്ങളുടെ വളർച്ച, വിദ്യാഭ്യാസം, വിവാഹം അങ്ങനെ പലതും. എല്ലാം അത്ഭുതകരമായി ദൈവം അതതിന്റെ സമയത്ത് നടത്തികൊടുത്തു. ദൈവം എത്ര വിശ്വസ്തനായിരുന്നു എന്ന് സാറിനോടും കൊച്ചമ്മയോടും ചോദിച്ചാൽ നന്ദിയോടു കൂടെ അവർ സാക്ഷീകരിക്കുമായിരുന്നു.

ഞങ്ങൾ സാറിനെ അവസാനമായി കാണുമ്പോൾ സാറ് വളരെ സംതൃപ്തനും, ശാന്തനുമായി കാണപ്പെട്ടു. സാറിന്റെ മുഖത്ത് പുഞ്ചിരിയും, തന്റെ സംസാരത്തിൽ സ്വതസിദ്ധമായ നർമ്മവും ഉണ്ടായിരുന്നു. സാറ് തന്റെ മഹത്വത്തിലേക്കുള്ള കയറ്റത്തിന് വേണ്ടി കാത്തു കാത്തിരിക്കുന്നതിനായി ഞങ്ങൾക്ക് തോന്നി. അതെ; വയോവൃദ്ധനായി സാറ് ആഗ്രഹിച്ചതുപോലെ നല്ല പോർ പൊരുതി, ഓട്ടം തികച്ചു വിശ്വാസം കാത്തു, നിത്യതയിലേക്ക് തന്റെ പ്രതിഫലത്തിനായി പ്രവേശിച്ചു.

സാറിന്റെയും കൊച്ചമ്മയുടെയും വിശ്വസ്തവും അനുഗ്രഹിക്കപ്പെട്ടതുമായ ജീവിതങ്ങൾക്ക് വേണ്ടി ദൈവത്തിനു സ്തോത്രം അർപ്പിച്ചുകൊണ്ട് ഈ ചിന്തകൾ ഇവിടെ അവസാനിപ്പിക്കുന്നു.

**Mary & Sally**
**(Rev. A. C. Zachariah's & Saramma Zachariah's daughters)**



www.nalloorlibrary.com

# ജോസഫ് സാറും കുടുംബവും
## ക്രിസ്തുവിന്റെ സാക്ഷികളായി ഹോസ്കോട്ടിൽ

1962–63 –ൽ ബംഗാരപ്പെട്ട സൗത്ത് ഇന്ത്യ ബൈബിൾ ഇൻസ്റ്റിട്ട്യൂട്ടിൽ എന്റെ ഒന്നാം വർഷത്തെ പഠനത്തിനുശേഷം ഹോസ്കോട്ടയിൽ 'ക്രിസ്തു സാക്ഷ്യ സംഘ' ആശ്രമത്തിൽ ബഹുമാനപ്പെട്ട ജോസഫ് സാറിനോടൊത്തു ഒന്നരമാസക്കാലം പ്രവർത്തിക്കുന്നതിന് ദൈവം കൃപ ചെയ്തു. മുണ്ടും, ഷർട്ടും വേഷം ധരിച്ച് ഒരു ചെറിയ സഞ്ചിയിൽ ലഘുലേഖകളും സുവിശേഷ പ്രതികളും ഇട്ടുകൊണ്ട് പോകുന്ന ജോസഫ് സാറിന്റെ കൂടെ ഞാനും നടന്നുപോകുമായിരുന്നു. സൈക്കിൾ സവാരി സാറിന് വശമില്ലാതിരുന്നതിനാൽ അത്യാവശ്യമായ സമയങ്ങളിൽ ബസ് യാത്രയും ചെയ്യുമായിരുന്നു. വഴി നടക്കുമ്പോൾ വഴിയരികിൽ വെളുത്ത, വലിയ ചുണ്ടക്ക കണ്ടാൽ അത് പറിച്ച് ആ കൊച്ചു സഞ്ചിയിൽ ഇടുമായിരുന്നു. കറിക്ക് ഒരു വിശേഷ പച്ചക്കറി.

പരസ്യയോഗം സാറിന്റെ ഒരു method ആയിരുന്നു. എന്റെ ഓർമ്മയിലുള്ള രണ്ടു പ്രസ്താവനകളിലൊന്ന് 'നാവെല്ലരു പ്രായാണികരെ' (നാം എല്ലാം യാത്രക്കാർ).

വീണ്ടും, 1972 –ൽ ഗുരുവായൂർ-മുക്കോല മിഷനിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച് ഹോസ്കോട്ട മിഷനിൽ എത്തിചേരുന്നതിനു മുമ്പുതന്നെ ജോസഫ് സാർ റിട്ടയർ ചെയ്തിരുന്നു. എന്നാൽ ഹോസ്കോട്ടിൽ സ്ഥിര താമസമാക്കിയ സാറിനെ അടുത്തറിയുന്നതിനു സാധിച്ചു.

സാറിന്റെ വായനയിൽ, ഒരു മാസികയിൽ നിന്നും ലഭിച്ച ഒരു സത്യം എനിക്ക് പറഞ്ഞു തന്നത് ഞാൻ ചിലപ്പോഴെക്കെ പറയാറുണ്ട്- "രണ്ടു ക്രിസ്ത്യാനികൾ തമ്മിൽ കണ്ടാൽ മൂന്നാമതൊരാളിന്റെ കുറ്റം പറയുക".

എന്റെ വിവാഹം തീരുമാനിക്കപ്പെട്ട വിവരം സാറിനോട് പറഞ്ഞപ്പോൾ സാർ എന്നോട് പറഞ്ഞു.



"കൂടരുതാത്തിടത്ത് കൂടരുത്,
കൂടിയാൽ പിന്നെ കോടരുത്."

ഫലിതം പറയാത്ത ക്രിസ്തീയ പ്രവർത്തകർ ഉണ്ടോ? എങ്കിൽ അത് ഒരു ഫലിതം തന്നെ. ഫലിതം പറയുന്നവരിൽ നിന്ന് ജോസഫ് സാറിനെ എങ്ങനെ ഒഴിവാക്കും?

ഒരു ദിവസം ഒരു മഴ കഴിഞ്ഞ് ആശ്രമം കോമ്പൗണ്ടിൽ നിന്നും പുറത്തേക്ക് നടക്കുമ്പോൾ വഴിയരികെ ഒരു ചെറിയ കുളത്തിൽ ആളുകൾ ചീര കഴുകുന്നു. നാട്ടുകാർക്ക് വേറെ വിധത്തിൽ പ്രയോജനപ്പെടുന്ന ആ കുളത്തിലെ വെള്ളത്തിൽ വില്പനയ്ക്കായുള്ള ചീര കഴുകുന്നതു കണ്ടതിനു ശേഷം സാറിന്റെ വീട്ടിൽ നിന്നും ഭക്ഷണം കഴിക്കുമ്പോൾ പുറത്തു നിന്നു വാങ്ങുന്ന ചീര കൊണ്ടുള്ള കൂട്ടാൻ ഞാൻ ഉപയോഗിക്കാതെ വന്നു. പിന്നൊരിക്കൽ ഞങ്ങൾ ഒരു ഗ്രാമത്തിൽ പോയപ്പോൾ വാളൻ പുളി മരത്തിന്റെ ചുവട്ടിൽ ഉണ്ടായിരുന്ന ശവ കുടീരങ്ങളെ കാണിച്ചുകൊണ്ട് സാറ് പറഞ്ഞു- നമ്മൾ ഈ മരത്തിന്റെ പുളിയാണ് ഉപയോഗിക്കുന്നത്.

സ്വന്തം വരവുചെലവുകൾക്ക് കണക്കു സൂക്ഷിക്കുന്നത് സാറിന്റെ ഒരു പ്രത്യേകതയായിരുന്നു. ഒരിക്കൽ എനിക്ക് ലഭിക്കാനുണ്ടായിരുന്ന 25 പൈസ തന്നില്ലെന്ന് പറഞ്ഞപ്പോൾ സാർ പറഞ്ഞത് – "ഞാൻ തന്നില്ലായിരുന്നോ, എന്റെ കണക്ക് ഒന്നു നോക്കട്ടെ." ആരെയും ബോദ്ധ്യപ്പെടുത്താനല്ലെങ്കിലും സ്വന്തം വരവ് ചെലവുകൾക്ക് കണക്ക് എഴുതി സൂക്ഷിക്കുന്നത് നല്ലതു തന്നെ എന്ന് ബഹുമാനപ്പെട്ട ജോസഫ് സാർ നമ്മെ പഠിപ്പിക്കുന്നു. ഹോസ്കോട്ടയിലെ പ്രവർത്തനത്തിന് ദൈവവിളി കേട്ട് പുറപ്പെടുന്നതിന് മുമ്പ് ജോസഫ് സാർ അഞ്ചലാപ്പീസിൽ മാസ്റ്ററും, കൊച്ചമ്മ പ്രൈമറി സ്കൂൾ അദ്ധ്യാപികയുമായിരുന്നു.

ഹോസ്കോട്ടിലെ 'ക്രിസ്തു സാക്ഷ്യ സംഘ' ആശ്രമം 'ഹോസ്കോട്ട മിഷൻ മെഡിക്കൽ സെന്റർ' ആയി രൂപാന്തരപ്പെടുത്തിയതിനുശേഷം കൊച്ചമ്മ ആശുപത്രിയിൽ receptionist ആയി ജോലി ചെയ്തു. ഹോസ്കോട്ടിലെ ഇടവകയിൽ Trustee ആയും ജോലി ചെയ്തിട്ടുണ്ട്. തന്നെ ഏല്പിച്ച ജോലികൾ വിശ്വസ്തതയോടെ കൊച്ചമ്മ നിറവേറി.



www.nalloorlibrary.com

കാലം ചെയ്ത ഈശോ മാർ തിമൊഥെയോസ് തിരുമേനി ഒരിക്കൽ ഹോസ്കോട്ടിൽ നമ്മുടെ പള്ളിയിൽ പറഞ്ഞു, "വിദേശ മിഷനറിമാരുടെ ശവകുടീരങ്ങൾ ഇന്ത്യയിലുണ്ടെന്നും. നമ്മുടെ മിഷനറിമാരുടെ ശവകുടീരങ്ങൾ മിഷൻ ഫീൽഡുകളിലില്ലെന്നും." എന്നാൽ ഇന്ന് നമുക്ക് പറയാൻ സാധിക്കും - ഇന്ന്, ഒന്നല്ല, രണ്ടു ശവകുടീരങ്ങൾ ഹോസ്കോട്ട മിഷൻ ഫീൽഡിലെ ഗൊണക്കനഹള്ളി ഗ്രാമത്തിൽ നമ്മുടെ സെമിത്തേരിയിൽ, ഹോസ്കോട്ട മിഷൻ പ്രവർത്തകരായി, ബഹുമാനപ്പെട്ട എ. സി. സഖറിയ സാറിനോടും (പിന്നീട് റവ. എ. സി. സഖറിയ), കൊച്ചമ്മയോടും കൂടെ വന്ന ജോസഫ് സാറിന്റെയും, പെണ്ണമ്മകൊച്ചമ്മയുടെയും ശവകുടീരങ്ങൾ ഉണ്ട്. - ദൈവത്തിന് സ്തോത്രം. "മരിച്ചശേഷം അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരുന്നു." (എബ്രായർ 11:4)

**കെ. വി. മാത്യു**
**ശിവനാപുരം മിഷൻ**



www.nalloorlibrary.com

## കർണ്ണാടക പ്രദേശത്തു സുവിശേഷ ദീപത്തിന് തിരി കൊളുത്തിയ മിഷനറി ദമ്പതികൾ

ലോകപ്രസിദ്ധമായ മാരാമൺ കൺവൻഷൻ രൂപം കൊടുത്ത മാരാമൺ എന്ന സ്ഥലത്തു, മനോൺ ഭവനത്തിൽ ജനിച്ചു വളർന്ന ഔസേപ്പച്ചനും (എം. ടി. ജോസഫ്), സഹധർമ്മിണി (മറിയാമ്മ ജോസഫ്) പെണ്ണമ്മയും കൂടി, ഭാരത സുവിശേഷീകരണ ദൗത്യവുമായി 1947 -ൽ കർണ്ണാടക പ്രദേശമായ ബാംഗ്ലൂർ പട്ടണത്തിൽ എത്തി. സഹപാഠിയായ കുറിയന്നൂർ സ്ഥലവാസിയായ എ. സി. സഖറിയ (റവ. എ. സി. സഖറിയ) സാറും പത്നിയുമൊത്തു ഹോസ്കോട്ട താലൂക്ക് കേന്ദ്രമാക്കി 'ക്രിസ്തു സാക്ഷ്യ സംഘം' എന്ന നാമധേയത്തിൽ ആശ്രമപ്രസ്ഥാനത്തിന് രൂപം നല്കി. രണ്ടു കുടുംബാംഗങ്ങളും ചേർന്ന് സുവിശേഷ പ്രവർത്തനം ആരംഭിച്ചു. കർണ്ണാടക ഭാഷപഠിച്ച് ആ ഭാഷയിൽ ഹോസ്കോട്ട പട്ടണത്തിന് ചുറ്റുപാടുമുള്ള ഗ്രാമപ്രദേശങ്ങളിൽ സുവിശേഷഘോഷണം ആരംഭിച്ചു. അങ്ങനെ ഹോസ്കോട്ട എന്ന സ്ഥലം മാർത്തോമ്മാ സഭയുടെ ഒരു ആശ്രമകേന്ദ്രമായി തീർന്നു. ബാംഗ്ലൂർ ഇടവകയുടെ പ്രോഹത്സാഹനവും, സഹകരണവും ഈ പ്രവർത്തനത്തിന് ഒരു മുതൽ കൂട്ടായി ഭവിച്ചു. കുറെ വർഷങ്ങൾക്കുശേഷം കുറിയന്നൂർക്കാരൻ ശ്രീമാൻ പി. വി. മാത്യുവും കുടുംബവും, വിളക്കുവെട്ടം മാർത്തോമ്മ ഇടവകാംഗമായ ശ്രീമാൻ പി. ചാക്കോയും കുടുംബവും (റവ. പി. ചാക്കോ) ഈ സ്ഥാപനത്തിലെ പ്രവർത്തകരായി ചേർന്നു. അങ്ങനെ ആശ്രമ പ്രസ്ഥാനമായി, ശമ്പളം ഇല്ലാതെ മാർത്തോമ്മ സഭാ സ്നേഹിതരായ ആളുകളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ കൊണ്ട് ആശ്രമാംഗങ്ങൾ ജീവിതചെലവുകൾ നടത്തിവന്നു.

1965 -ൽ ഞാൻ കൊമ്പാടി ബൈബിൾ ഇൻസ്റ്റിട്ട്യൂട്ടിലെ പഠനം പൂർത്തിയാക്കി കഴിഞ്ഞപ്പോൾ മാർത്തോമ്മ സഭയിലെ അന്നത്തെ മിഷനറി ബിഷപ്പായ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമേനി എന്നെ ഹോസ്കോട്ട ആശ്രമത്തിലേക്ക് സുവിശേഷ വേലയ്ക്കായി അയച്ചു. അങ്ങനെ ഞാൻ 1965 മാർച്ച് മാസത്തിൽ ആശ്രമത്തിൽ എത്തി ചേർന്നു. അവിടെ വച്ചാണ് ആദ്യമായി ജോസഫ് സാറും കുടുംബവുമായി പരിചയപ്പെടാൻ ഇടയായത്. ആ

സമയത്ത് ആശ്രമത്തിലെ മൂത്ത കാരണവർ ആയിരുന്നു ജോസഫ് സാർ.

ക്രിസ്തു സാക്ഷ്യ സംഘത്തിൽ ഒരു volunteer ആയി ഞാനും അവിടെയുള്ള ആശ്രമാംഗങ്ങളുമായി ചേർന്നു പ്രവർത്തനം ആരംഭിച്ചു. കർണ്ണാടക ഭാഷ ഒട്ടും തന്നെ വശമില്ലാത്ത എന്നെ ഭാഷ പഠനത്തിൽ സാറും, കൊച്ചമ്മയും വളരെ അധികം സഹായിച്ചു. കൂടാതെ ആദ്യ സമയങ്ങളിൽ ഭക്ഷണവും മറ്റു താമസ സൗകര്യങ്ങളും നല്കി സഹായിച്ചു. ഒരു ജ്യേഷ്ഠ സഹോദരനെപ്പോലെ എന്നെ സ്നേഹിക്കുകയും കരുതുകയും ചെയ്ത സാറിനെയും, കൊച്ചമ്മയേയും, ഒരിക്കലും മറക്കുവാൻ സാധിക്കയില്ല. കൂടാതെ കുഞ്ഞുങ്ങളുടെ സ്നേഹവും, ആദരവും എന്റെ സ്മരണകളിൽ എന്നും നിലനില്ക്കുന്നു.

ജോസഫ് സാറിന്റെ സുവിശേഷ തീക്ഷണതയും, ഉത്സാഹവും, എന്തു കഷ്ടം സഹിച്ചും മൈലുകൾ നടന്ന്, ഭവനങ്ങളിൽ കയറി ഇറങ്ങി അവരോട് സ്നേഹമായി സുവിശേഷം അറിയിക്കുന്നതിൽ ഉള്ള ഉത്സാഹവും ഞാൻ ഓർക്കുകയാണ്. കഠിന അദ്ധ്വാനം, ദീർഘവീക്ഷണം, ശാന്തസ്വഭാവം കൃത്യനിഷ്ഠ, വിനയം, സഹിഷ്ണത, എന്നീ ഗുണങ്ങൾ സാറിൽ നിക്ഷിപ്തമായിരുന്നു. ഭവനത്തിൽ ചെന്നാൽ നല്ല അടുക്കും ചിട്ടയുമായി കുഞ്ഞുങ്ങളെ വളർത്തുന്നതിലും ഉത്സുകനായിരുന്നു.

പെണ്ണമ്മ കൊച്ചമ്മയെ ഒരിക്കലും വിസ്മരിക്കാൻ സാധിക്കയില്ല. നല്ല മാതൃക ഉള്ള ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു. പാടുന്നതിനും, പഠിപ്പിക്കുന്നതിനും, കുഞ്ഞുങ്ങളെ നല്ല ചിട്ടയിൽ തന്നെ വളർത്തുന്നതിനും, ആശ്രമത്തിൽ വരുന്ന അതിഥികളെ സ്നേഹത്തോടെ സൽകരിക്കുന്ന കാര്യത്തിലും ഒക്കെ വളരെ ഉത്സുകയായിരുന്നു. ഉള്ളതുകൊണ്ട് തൃപ്തിയായി ജീവിക്കുന്നതിനും വരുമാനത്തിന് അനുസരിച്ച് ചെലവു ചെയ്യുന്നതിനും കൊച്ചമ്മ ഒരു മാതൃകയായിരുന്നു. ആദിമ കാലങ്ങളിൽ വളരെ ഞെരുങ്ങിയാണ് ജീവിതം പുലർത്തിയിരുന്നത്. എന്നാൽ ദൈവത്തെ മാനിക്കുന്നവരെ ദൈവം മാനിക്കുമെന്ന് ഇവരുടെ ജീവിത സായാഹ്നത്തിൽ നേരിട്ടു കാണുവാൻ ഇടയാക്കി. ഹോസ്കോട്ടയിൽ തന്നെ ഒരു ഭവനം നിർമ്മിച്ച് താമസിക്കുവാനും, ദൈവം കൊടുത്ത കുഞ്ഞുങ്ങളെ ആവോളം നല്ല രീതിയിൽ വിദ്യാഭ്യാസം നടത്തുന്നതിനും അവരുടെ ഭാവി കണ്ട് സന്തോഷിക്കുന്നതിനും ദൈവം അവർക്ക് സഹായിച്ചു.



www.nalloorlibrary.com

ജീവിതത്തിന്റെ ഏറിയ സമയവും, സുവിശേഷത്തിന്റെ അഭിവൃത്തിക്കായി പ്രവർത്തിക്കുന്നതിനും, കർണ്ണാടക പ്രദേശത്തു തന്നെ ആ ദീപം എരിഞ്ഞ് അവസാനിക്കുന്നതിനും ദൈവം ഭാഗ്യം നല്കി.

"ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായ് വച്ചിരിക്കുന്നു" (2 തിമൊഥ 4:7) എന്ന് പൗലോസിനോട് ചേർന്ന് സാക്ഷിക്കുവാൻ ഗൊണക്കനഹള്ളി എന്ന ഗ്രാമത്തിൽ അവരുടെ ശവകുടീരങ്ങൾ എന്നും സാക്ഷ്യം വഹിച്ചുകൊണ്ട്, ക്രിസ്തു സാക്ഷ്യ സംഘത്തിന്റെ സ്ഥാപകദീപങ്ങളായി, നമുക്ക് ഒരു നിത്യ സ്മാരകമാക്കി ആ ദാമ്പത്യ ജീവിതം ഇന്നും നിലനില്ക്കുന്നു.

**സുവിശേഷകൻ: വി. മത്തായി, മുളക്കുഴ**

## അപ്പച്ചൻ

അപ്പച്ചൻ അടുക്കും, ചിട്ടയും, മിതഭാഷണവും, ശുചിത്വവും, കൃത്യനിഷ്ഠയും ഉള്ള ആളായിരുന്നു. കേരളത്തിന്റെ തനിമ നഷ്ടപ്പെടുത്താതെയുള്ള ജീവിത ശൈലി. കോപിച്ചു ഞാൻ കണ്ടിട്ടില്ല. അബ്രഹാമിനെപ്പോലെ സ്വന്തം എന്നുള്ളത് ത്യജിച്ച് കർണ്ണാടകമണ്ണിന്റെ മക്കളുമായി താദാത്മ്യപ്പെട്ട് ആ ഗ്രാമീണരുടെ ഉന്നമനം (ശരീര, മനസ്സ്, ആത്മാവ്) ഇതൊന്നു ലാക്കാക്കി ജീവിതത്തിലെ സുഖങ്ങൾ വെടിഞ്ഞ് ജോലി ഉപേക്ഷിച്ച് പ്രവർത്തിച്ച വലിയ കർമ്മയോഗി ആയിരുന്നു അപ്പച്ചൻ. എനിക്കും മൂന്നു വർഷം സാറിന്റെ കൂടെ ഗ്രാമങ്ങളിൽ പോകാൻ സാധിച്ചു. കലപ്പനഹള്ളി, കല്ലഹള്ളി എന്നിവ പ്രത്യേകം സ്നേഹം പിടിച്ചെടുത്ത ഗ്രാമങ്ങളാണ്. നടന്നു മാത്രമായിരുന്നു ഗ്രാമങ്ങൾ സഞ്ചരിച്ചിരുന്നത്. Bodanahosahally യിൽ ഒരു ക്രിസ്തുമസ്സിന് ഒരു സന്ദേശം കൊടുത്തത് - ക്രിസ്തുയേശുവിലുള്ള ഭാവം. സാറിന്റെ പ്രസംഗം, അത് ഇപ്പോഴും ഓർക്കുന്നു. യേശുവിന്റെ അനുസരണം, യേശുവിന്റെ വിനയം, സാർവ്വത്രികമായ രക്ഷ ഇവയെ കുറിച്ച് വന്നു കൂടിയ ജനത്തോട് സംസാരിച്ചു.

എന്റെ സഹോദരന്റെ മരണസമയത്ത് എന്നെ വളരെ ആശ്വസിപ്പിച്ചു. ഞങ്ങളുടെ വീടിനകത്ത് പ്രവേശിക്കയില്ല. വാതില്ക്കൽ വരെ വരികയുള്ളു. എന്നാൽ അന്ന് അകത്ത് വന്ന് ഒരു പിതാവിനെപ്പോലെ എന്നെ ധൈര്യപ്പെടുത്തി.

സാർ ട്രഷററും ഞാൻ അക്കൗണ്ടണ്ടുമായി 3 വർഷം പള്ളിയിലെ കാര്യങ്ങൾ നോക്കി. ഞായറാഴ്ച ലഭിക്കുന്ന പണം തിങ്കളാഴ്ച തന്നെ ബാങ്കിൽ ഇട്ട് സൂക്ഷിച്ചിരുന്നു. പള്ളിയുടെയോ ഏതു കാര്യമായിരുന്നാലും ചോദിച്ചാൽ വേണ്ട നിർദ്ദേശം തന്ന് സഹായിച്ചിട്ടുണ്ട്.

കൊച്ചമ്മയുടെ ചിരി, തുറന്നുള്ള സംസാരം, ആരാധനയ്ക്ക് കൊഴുപ്പേകുന്ന പാട്ട്, ആരാധനയിലെ സമ്പൂർണ്ണ ഭാഗഭാഗിത്വം, ഇവ മറക്കാവുന്നതല്ല. കൊച്ചമ്മ പള്ളിയിൽ ഇല്ലെങ്കിൽ ആരാധന ഒരു ചതഞ്ഞമട്ടാണ്. നല്ല നേതൃത്വപാടവം ഉണ്ടായിരുന്നു. ജോലികളുടെ മദ്ധ്യത്തിലും വേദപുസ്തകം പഠിക്കുവാൻ സമയം



www.nalloorlibrary.com

കണ്ടെത്തിയിരുന്നു. ബൈബിൾ സൊസൈറ്റിയുടെ Karnataka State -ലെ Bible Quiz ന് 1st prize വാങ്ങിയ ആളാണ്. കൊച്ചമ്മ ആസ്പത്രിയിൽ ആയിരുന്ന സമയത്ത് ഒരു ദിവസം കൊച്ചമ്മയുമായി ചെലവിട്ടത് മറക്കാൻ പറ്റില്ല. കന്നട, മലയാളം ഭാഷകളിൽ കൊച്ചമ്മയ്ക്ക് ഇഷ്ടമുള്ള പാട്ടുകൾ എല്ലാം പാടി, കൊച്ചമ്മയെ ശക്തിപ്പെടുത്തിയ വേദഭാഗം വായിപ്പിച്ചു, ഞങ്ങൾ പ്രാർത്ഥിച്ചു. നല്ല ഒരു സന്ദർഭമായിരുന്നു. ഹോസ്കോട്ടയിലെ കാര്യം ആരോട് പറഞ്ഞാലും ഞാൻ ഒന്നു പറയും. ആദ്യസമയത്ത് വെള്ളവും വീടും ഒന്നും ഇല്ലാത്ത അവസ്ഥയിൽ വന്ന് ത്യാഗം അനുഭവിച്ചവരുടെ കണ്ണീരിന്റെ ഫലമാണ് ഇന്നത്തെ അനുഗ്രഹം എന്ന്.

**ശ്രീമതി. പി. റ്റി. മറിയാമ്മ**
**സുപ്പീരിയർ**
**മാർത്തോമ്മ സന്ന്യാസിനി സമൂഹം**

# മറക്കാത്ത സ്മരണകൾ

1971 മേയ് മാസത്തിലാണ് ഞാൻ ഹോസ്കോട്ട് മിഷനിൽ സുവിശേഷകനായി എത്തിയത്. ഒരു സുവിശേഷകൻ റിട്ടയർ ചെയ്ത ഒഴിവിലേക്കാണ് എന്നെ നിയമിച്ചിരുന്നത്. ശ്രീ. എം. റ്റി. ജോസഫ് സാർ റിട്ടയർ ചെയ്ത ഒഴിവിലാണ് എന്നത് അവിടെ ചെന്നതിന് ശേഷമാണ് മനസ്സിലായത്. കിഴക്കൻമുത്തൂർ ഇടവകയാണ് എന്നെ സ്പോൺസർ ചെയ്തിരുന്നത്. റവ. ഇ. ജെ. ജോർജും സഹപ്രവർത്തകരും വൈറ്റ് ഫീൽഡ് റയിൽവേ സ്റ്റേഷനിൽ എന്നെ സ്വീകരിച്ച് ഹോസ്കോട്ട് മിഷനിലേക്ക് കൊണ്ടുപോയി. അന്നത്തെ പള്ളിയുടെ വശത്തുള്ള മുറിയിൽ തൽക്കാല താമസ സൗകര്യങ്ങൾ ഒരുക്കിയിരുന്നു. കുളി കഴിഞ്ഞ് പ്രഭാത ഭക്ഷണം അച്ചന്റെ ഭവനത്തിൽ നിന്നും കഴിച്ച് വിശ്രമിക്കുന്നതിനായി വരുമ്പോൾ വെള്ള വസ്ത്രം ധരിച്ച ഉയരം കുറഞ്ഞ മുറി മീശക്കാരൻ പ്രസന്നവദനായി കൊച്ചു കണ്ണുകൾ പ്രകാശിപ്പിച്ച് പുഞ്ചിരിയോടെ നടന്നു വരുന്നു; പ്രഭാത സൂര്യകിരണങ്ങൾ കഷണ്ടിയിൽ പതിച്ച് പതറുന്നു. മുഖത്തിന്റെ പ്രസന്നത കാരണം ചിരി വ്യക്തമല്ല. അദ്ദേഹത്തെ ആദ്യം കാണുകയാണ്, ഞാൻ അറിയാതെ വലം കൈ നീട്ടി. അദ്ദേഹം എന്റെ വലം കൈ പിടിച്ച് അമർത്തി കുലുക്കി. "Welcome Mr. Koshy." "Thanks Sir" എന്നാണ് എന്റെ നാവ് ചലിച്ചത്. ആത്മീക വിവശദയിൽ ദൈവസ്നേഹത്തിലുള്ള ആ സ്വാഗതം എന്നെ കോൾമയിർ കൊള്ളിച്ചു. പുറകിൽ നിന്ന് ഇ. ജെ. ജോർജ് അച്ചൻ വിളിച്ചു പറഞ്ഞു, "കോശികുഞ്ഞിന് അറിയാമോ? അതാണ് നമ്മുടെ ദോഡയജമാനര് ജോസഫ് സാർ." മൂന്നു പേരും ഒന്നിച്ച് ചിരിച്ചു. താമസിക്കുന്ന മുറിയിലേക്ക് ഞങ്ങൾ രണ്ടു പേരും കൂടി കയറി. നാട്, വീട് തുടങ്ങി എന്നെ കുറിച്ച് എല്ലാം ചോദിച്ച് മനസ്സിലാക്കി. ഓരോ ചോദ്യവും വളരെ സൂക്ഷിച്ച് അളന്നു തൂക്കി സാവകാശത്തിലാണ്. അദ്ദേഹത്തിന്റെ ആത്മാർത്ഥതയും, സ്നേഹവും, സുവിശേഷ താത്പര്യവും, മറ്റുള്ളവരോടുള്ള കരുതലും ആദ്യ സംസാരത്തിൽ തന്നെ വ്യക്തമാക്കി. ജോസഫ് സാർ, തന്നെ കുറിച്ചു തന്നെ പറയുവാൻ തുടങ്ങി. മാരാമണ്ണ് അഞ്ചൽ മാസ്റ്ററായി ജീവിച്ച കാലം, കർത്താവിന്റെ വേലക്കായി വിളിക്കുന്നത്. ശ്രീ. എ. സി. സഖറിയായുമായി ബന്ധപ്പെടുന്നത്, ഹോസ്കോട്ട് ആശ്രമം സ്ഥാപിക്കുന്നത്, സുവിശേഷ പ്രവർത്തനം എന്നിവ ചുരുങ്ങിയ വാക്കുകളിൽ വ്യക്തമായി വിവരിച്ചു തന്നു. ഈ മഹൽ



www.nalloorlibrary.com

പ്രവർത്തനങ്ങളിൽ പങ്കാളി ആയത് വലിയ ഭാഗ്യമായി കരുതുന്നു. എന്റെ പിൻതുടർച്ചകാരനായിട്ടാണ് Mr. Koshy വന്നിരിക്കുന്നത്. (ജോസഫ് സാർ റിട്ടയർ ചെയ്ത ഒഴിവിലാണ് സംഘം എന്നെ നിയമിച്ചത്). അതും എന്റെ ഭാഗ്യം എന്ന് പറഞ്ഞപ്പോൾ ! ഉടനെ സാറ് പ്രതികരിച്ചു. എന്റെ ഒഴിവിൽ വന്നതല്ല, കർത്താവിന്റെ വേലക്കായി ഇവിടെ വന്നത് ഭാഗ്യം തന്നെയാണ്. എന്റെ പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി സാറ് പ്രാർത്ഥിക്കുകയും എന്നെ പരിശീലിപ്പിക്കുകയും ചെയ്യണമെന്ന് പറഞ്ഞപ്പോൾ പ്രസന്നവദനായി ചിരിച്ചു. അതിനെല്ലാം അച്ചന്മാരുണ്ട്. സാറ് എന്നെ ഭാഷ പഠിക്കാനും, ഗ്രാമ സന്ദർശനത്തിനും സഹായിക്കണം. തീർച്ചയായും എന്ന് ഉറപ്പ് തന്ന് മടങ്ങി. ഞാൻ അല്പം വിശ്രമിച്ചു. ഒരു മണിയോടെ പള്ളിക്കകത്ത് അച്ചനുമായി സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ ആശുപത്രിയുടെ പ്രധാനവാതിൽ അടയ്ക്കുന്ന ശബ്ദം കേട്ട് അവിടെക്ക് നോക്കിയപ്പോൾ അധികം ഉയരമില്ലാത്ത, വണ്ണമുള്ള, കണ്ണടവെച്ച ഒരു സ്ത്രീ ഇറങ്ങി വരുന്നതായി കണ്ടു. ഞങ്ങളോട് കുറെ അടുത്തു വന്നപ്പോൾ അച്ചൻ പരിചയപ്പെടുത്തി. ഇതാണ് ജോസഫ് കൊച്ചമ്മ ! കൊച്ചമ്മ കുടഞ്ഞിട്ട് ചിരിച്ചു. ഇതാണോ പുതിയ സുവിശേഷകൻ ! അതെ ! അച്ചൻ പരിചയപ്പെടുത്തി. നിർത്താതെ മൂന്ന് നാല് ചോദ്യം. എല്ലാത്തിനും ഞാൻ ഉത്തരം പറഞ്ഞു. കാണാമെന്ന് പറഞ്ഞ് യാത്രയായി. നാട്ടിലെ ഒരു വല്യമ്മച്ചിയുടെ ഗമ, ഗൗരവം, തന്റേടം, വലിയ വയസ്സു തോന്നിക്കാത്ത ആരോഗ്യം, നല്ല ഗമയിലുള്ള നടത്തം. ആരാധനയിൽ പതിവായി ജോസഫ് സാറും, കൊച്ചമ്മയും, മക്കളും സംബന്ധിക്കും. ആരാധന കഴിയുമ്പോഴും പ്രാർത്ഥനാ കൂട്ടങ്ങളിൽ കാണുമ്പോഴും ഞങ്ങളുടെ സ്നേഹബന്ധം പുതുക്കികൊണ്ടിരുന്നു. ഒരു ദിവസം അഞ്ചുമണി കഴിഞ്ഞ സമയത്ത് സാറിന്റെ ഭവനം സന്ദർശിച്ചു. നല്ല ചൂടു ചായ കൊച്ചമ്മ തന്നു. അന്ന് സാറ് വാടക കെട്ടിടത്തിൽ താമസിക്കുന്ന സമയമായിരുന്നു. വളരെ കാര്യങ്ങൾ സംസാരിച്ചു. കൊച്ചമ്മ ഇടയ്ക്ക് കയറി സംസാരിച്ചാൽ സാറ് കുറെ സമയത്തേക്ക് സംസാരിക്കാതിരിക്കും. ചിലപ്പോൾ കൊച്ചമ്മയെ ശാസിക്കുകയും ചെയ്യും. യാത്ര പറഞ്ഞ് ഇറങ്ങിയപ്പോൾ സാറ് പണിതുകൊണ്ടിരിക്കുന്ന വീട് കൊണ്ടുപോയി കാണിച്ചു. ഇവിടെ സ്ഥിരതാമസം ആക്കുകയാണോ? അതെ, സ്ഥിരതാമസത്തിനായി നാട്ടിലേക്കില്ല. കർത്താവിന്റെ വേലക്കായി വന്ന ഈ സ്ഥലത്ത് അനേകർ കർത്താവിന്റെ ഭാഗത്തേക്ക് വന്നു കൊണ്ടിരിക്കുന്നു. അനേകർ ഇനിയും വരും. അവരോട് ഇഴകി ചേരുവാനാണ് ആഗ്രഹിക്കുന്നത്. ഗ്രാമങ്ങളിൽ ഭവന സന്ദർശനത്തിന് പോകുമ്പോൾ

സാറും കൊച്ചമ്മയും വരാറുണ്ടായിരുന്നു. എനിക്ക് നല്ല പരിശീലനമാണ് സാറിൽ നിന്നും ലഭിച്ചത്. ഭാഷയിൽ (കന്നട) വരുന്ന തെറ്റുകൾ സാവകാശമായി പറഞ്ഞു മനസ്സിലാക്കും. ഗണകൽ എന്ന ഗ്രാമത്തിൽ ഒരു പരസ്യയോഗം, പ്രവർത്തകർ ഒന്നിച്ച് ക്രമീകരിച്ചു. അന്ന് എന്നോട് പ്രസംഗിക്കാൻ പറഞ്ഞു. പരിഭാഷപ്പെടുത്തിയത് ജോസഫ് സാറാണ്. വളരെ ശാന്തമായി നിന്നുകൊണ്ട് പരിഭാഷപ്പെടുത്തും. മുന്നിൽ നിൽക്കുന്നവരോട് അടുത്ത് സംസാരിക്കുന്ന പ്രതീതിയാണ് ജനങ്ങൾക്ക് ഉണ്ടാവുന്നത്. കണ്ണുകൾ അടച്ചുകൊണ്ടാണ് അധികസമയവും പ്രസംഗിക്കുന്നത്. പ്രസംഗം പരിഭാഷപ്പെടുത്തുമ്പോൾ വാക്കുകൾ നീട്ടി പറഞ്ഞാൽ ചുരുക്കി നിർത്തി നിർത്തി പറയാൻ ആവശ്യപ്പെടും. അതുപോലെ കേരളത്തിലെ ഉദാഹരണം പറഞ്ഞാൽ അത് ഇവിടെ മനസ്സിലാകുകയില്ലയെന്ന് പ്രസംഗത്തിനിടയിൽ പറയും.

ഗ്രാമങ്ങളിൽ പോകുമ്പോൾ ഒരു പൊതി സാറിന്റെ കൈയിൽ ഉണ്ടായിരിക്കും. ഭക്ഷണം കഴിക്കുമ്പോൾ മാറിയിരുന്ന് വളരെ സാവകാശമായി ചവച്ച് അരച്ച് ഭക്ഷിക്കുന്നത് നോക്കി നിൽക്കാൻ തന്നെ രസമാണ്. തമാശ പറയും, എന്നാൽ സാറ് ഉടനെ ചിരിക്കുകയില്ല. കേൾവിക്കാർ ചിരിച്ച് തീരാറാകുമ്പോൾ അല്പം വായ് തുറന്ന് ചിരിക്കുന്നതു കാണാം. വർഷങ്ങൾ കഴിഞ്ഞപ്പോൾ പതിവായി ഗ്രാമ സന്ദർശനത്തിന് വരാതായി, എന്നാൽ പ്രത്യേക പരിപാടിയിൽ സംബന്ധിക്കുമായിരുന്നു. ഓരോ ഗ്രാമക്കാരും ജോസഫ് സാറിനെയും കൊച്ചമ്മയെയും വളരെ സ്നേഹിച്ചിരുന്നു. അവരോടുകൂടെ ഗ്രാമങ്ങളിൽ ചെല്ലുമ്പോൾ ലഭിച്ചിരുന്ന സ്വീകരണം മറ്റു സമയങ്ങളിൽ ലഭിച്ചിരുന്നില്ല. സാറിന്റെയും, കൊച്ചമ്മയുടെയും സുവിശേഷ തീക്ഷണത, ഗ്രാമീണരുമായിട്ടുള്ള വ്യക്തിബന്ധം, അവരുടെ ആവശ്യങ്ങളും, പരാതികളും ശ്രദ്ധയോടെ കേൾക്കാനുള്ള താത്പര്യം, പ്രതികൂലമായി സംസാരിക്കുന്നവരുടെ അടുത്ത് ചെന്ന് അവരെ വശീകരിച്ച് ശാന്തമായി സംസാരിക്കാനുള്ള കഴിവ്, പുഞ്ചിരിയോട് ഏത് സാഹചര്യത്തെയും അഭിമുഖീകരിക്കുവാനുള്ള മനസംയമനം അവരുടെ ശ്രേഷ്ഠജീവിതത്തിന്റെ ചില പ്രത്യേകതകൾ മാത്രമാണ്. പുതിയ വീട്ടിലേക്ക് താമസം മാറ്റി കഴിഞ്ഞിട്ട് ഒരു ദിവസം പറഞ്ഞു, ഇവിടെ നിന്ന് ഇനിയും എന്റെ യജമാനന്റെ അടുക്കലേക്കെ മാറുന്നുള്ളു.

ഞാൻ അവിടെ ചെന്ന ശേഷമാണ് ജോമോൻ ജോലിയുടെ ബന്ധത്തിൽ ബാംഗ്ലൂരിൽ താമസിക്കുവാൻ തുടങ്ങിയത്. മോളമ്മ



കുടുംബമായി ജോലി സ്ഥലത്ത്, ഗ്രേസമ്മ പഠനം കഴിഞ്ഞ് നേഴ്സിംഗിന് പോയി ജോലിയിൽ പ്രവേശിച്ചു. കുഞ്ഞുമോൾ കുട്ടിപാവാടയും ഉടുത്ത് ഓടി നടന്ന് പഠനം കഴിഞ്ഞ് ബംഗാൾ ലാംബിൽ ജോലിയായി. മാതാപിതാക്കളെപ്പോലെ മക്കളും സുവിശേഷവേലയിൽ വളരെ തല്പരരായിരുന്നു. പ്രവർത്തകരായ ഞങ്ങളെ കരുതുകയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. എന്നെ എപ്പോഴും സാറ്, കോശിയെന്ന് മാത്രമേ വിളിക്കുകയുള്ളു. ചിലപ്പോൾ ഒന്നും വിളിക്കുകയില്ല. എന്നെ ഉപദേശിയെന്ന് വിളിക്കുന്നതാണ് ഇഷ്ഠമെന്ന് അറിയാമായിരുന്നു. എന്നാൽ സാറ് ആ വാക്ക് ഇഷ്ടപ്പെട്ടിരുന്നില്ല. അതിനാലാണ് പേര് വിളിക്കുന്നത് എന്ന് സാറ് തന്നെ എന്നോട് പറഞ്ഞിട്ടുണ്ട്.

ഏതെങ്കിലും വിധത്തിൽ പ്രവർത്തനത്തിലോ ജീവിതത്തിലോ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമായി സാറിനെ സമീപിച്ചാൽ, വളരെ ലാഘവമായി ഉത്തരം പറഞ്ഞ് നമ്മെ ധൈര്യപ്പെടുത്തും. വളരെ ദു:ഖവുമായി, ഗൗരവമേറിയ കാര്യങ്ങൾ പരിഹരിക്കാൻ കഴിയാത്തവ സാറിനോട് പറഞ്ഞാൽ ഒരു പ്രയാസവുമില്ലാതെ വളരെ ലളിതമായി പരിഹരിക്കാവുന്ന വഴി സാറ് പറഞ്ഞ് തരും. പെണ്ണമ്മ കൊച്ചമ്മ ഏതു കാര്യത്തിലും കയറി ഇടപെടും. സാറ് ഒഴിഞ്ഞ് മാറി ശാന്തമായി മാത്രമേ ഏതു കാര്യത്തിലും ഇടപെടുകയുള്ളു.

ഹോസ്കോട്ട് പ്രദേശത്ത് ഒരു മാതൃകാ ക്രിസ്തീയ കുടുംബമായിരുന്നു ജോസഫ് സാറിന്റെത്. ഹോസ്കോട്ട മിഷന്റെ ജീവാത്മാവും, പരമാത്മാവും അദ്ദേഹം തന്നെയാണ്. ഏതു രാജ്യത്തിന്റെയും മിഷൻ ഫീൽഡുകളുടെയും സംഘടനകളുടെയും പുരോഗതിക്ക് നിദാനമായിരിക്കുന്നത് മുന്നണി പ്രവർത്തകരുടെ ജീവൻ മരണ ത്യാഗ പ്രവർത്തനങ്ങളാണ്. ജോസഫ് സാറും, എ. സി. സഖറിയ അച്ചനും കുടുംബമായി അഭിമുഖീകരിച്ച ആദ്യകാല പ്രതിസന്ധികൾ എത്രയോ കഠിനമായിരുന്നു. പിന്നീട് വന്ന പ്രവർത്തകർക്ക് അത്രയും പ്രതികൂലങ്ങൾ സഹികേണ്ടിവന്നില്ല.

ഇങ്ങനെ ഒരു പുസ്തകം ചമയ്ക്കുവാൻ മുൻകൈ എടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നു. ജോസഫ് സാറിന്റെയും കുടുംബത്തിന്റെയും ജീവിതം മനസ്സിലാക്കുന്ന വ്യക്തികളും കുടുംബങ്ങളും കർത്താവിന്റെ വേലക്കായി സമർപ്പിക്കുവാൻ ഇടയാകട്ടെ.



www.nalloorlibrary.com

സ്നേഹിതൻ ശ്രീ. റ്റി. എ. കുര്യനും (ഇപ്പോൾ പട്ടക്കാരൻ) ഞാനും കൂടിയാണ് ഗോണക്കനഹള്ളിയിൽ പണിത പുതിയ വീട്ടിൽ ആദ്യമായി താമസിച്ച് പ്രവർത്തിക്കുവാൻ പോയത്. ഞങ്ങളെ അവിടെ കൊണ്ടു വിടുന്നതിന് ജോസഫ് സാറും, കൊച്ചമ്മയും, മിഷനറി അച്ചനും, കൊച്ചമ്മയും, സഹപ്രവർത്തകരുമുണ്ടായിരുന്നു. അബ്രഹാമിന്റെയും, സാറായുടെയും ഗ്രാമമാണ് ഗോണക്കനഹള്ളി. ഇവിടെ വരുന്നത് സാറിനും കൊച്ചമ്മയ്ക്കും വലിയ ഇഷ്ടമാണ്, കാരണം അവരിലൂടെ സുവിശേഷം കേട്ട് ആദ്യം വിശ്വാസത്തിലേക്ക് വന്നവരാണ്. ജോസഫ് സാറും കൊച്ചമ്മയും അന്ത്യവിശ്രമം കൊള്ളുന്നതും ഈ ഗ്രാമത്തിലാണ്. അവർ കർണ്ണാടക പ്രദേശത്ത് തന്നെ ലയിച്ചുചേർന്നു. കർമ്മവീര സുവിശേഷ സേനാനികൾ ആയിരുന്ന ശ്രീ. എം. റ്റി. ജോസഫ് സാറിന്റെയും പെണ്ണമ്മ കൊച്ചമ്മയുടെയും ജീവിതം, എനിക്കും അനേകർക്കും മാർഗ്ഗദർശി ആയിരുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ഈ പുസ്തകം വായിക്കുന്ന അനേകം വ്യക്തികൾ കർത്താവിന്റെ വേലക്ക് ഇറങ്ങുവാൻ പ്രചോദനം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

റ്റി. എം. കോശി
കറ്റാനം



www.nalloorlibrary.com

## ഓർമ്മകൾ ഓർമ്മകൾ

യേശു അവിടെ നിന്നും പോകുമ്പോൾ മത്തായി എന്നു പേരുള്ള ഒരു മനുഷ്യൻ ചുങ്കസ്ഥലത്തിരിക്കുന്നതു കണ്ടു. എന്നെ അനുഗമിക്ക എന്നു അവനോടു പറഞ്ഞു. അവൻ എഴുന്നേറ്റു അവനെ അനുഗമിച്ചു. (മത്തായി 9:9)

റവ. പി. ജെ. തോമസ്, ജോസഫ് സാറിന്റെ മാരാമൺ ഇടവകയിൽ വികാരി അച്ചനായിരുന്നു. അച്ചൻ അവിടെ നിന്നും കോട്ടയം യെരുശലേം പള്ളിയിലേക്കു സ്ഥലം മാറിപ്പോയി. അവിടെ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോൾ 1940 -ൽ വടക്കെ കർണ്ണാടകത്തുള്ള മാർത്തോമ്മ സഭയുടെ നോർത്തു കാനറ മിഷൻ ഫീൽഡിലേക്ക് മിഷനറിമാരായി പോയി. അച്ചനും കൊച്ചമ്മയും ബിരുദാനന്തര ബിരുദം ഉള്ളവരായിരുന്നു. സകലവും ദൈവത്തിൽ കണ്ടുകൊണ്ടാണ് അവർ കർണ്ണാടകത്തിലേക്ക് പോയത്. നല്ല പദവിയും ശമ്പളവുമുള്ള ജോലി സ്വയവേ വേണ്ടെന്നു വെച്ചു ശമ്പളമില്ലാത്ത ജോലിയായ സുവിശേഷം, അറിഞ്ഞിട്ടില്ലാത്തവരോട് പറയുന്നതിനാണ് അവർ പോയത്. ഈ മാതൃക ജോസഫ് സാറിനെ നന്നായി ആകർഷിച്ചു. തനിക്കും അച്ചന്റെ നല്ല മാതൃക പിൻപറ്റണമെന്ന അനുഗ്രഹം ഉണ്ടായി. എന്നാൽ ഈ നല്ല കാര്യം ഹൃദയത്തിൽ സംഗ്രഹിച്ചു സ്വന്തം ഭാര്യ പെണ്ണമ്മയോടുപോലും പങ്കുവെച്ചില്ല.

അങ്ങനെയിരിക്കുമ്പോഴാണ് ഹോസ്കോട്ടയിൽ പോകുന്നതിനു തന്റെ സ്നേഹിതനായ കോട്ടയം സി. എം. എസ് ഹൈസ്കൂൾ അദ്ധ്യാപകൻ കുറിയന്നൂർ സെന്റ് തോമസ് ഇടവകയിൽ അത്തിനില്ക്കുന്നതിൽ എ. സി. സഖറിയ തീരുമാനിച്ച വിവരം മാരാമണ്ണ് അഞ്ചൽ മാസ്റ്ററായി പ്രവർത്തിക്കുന്ന ജോസഫ് സാറിനോട് പറയുന്നത്. വേദപുസ്തകത്തിൽ കന്യക മറിയാമും സെഖര്യാവിന്റെ ഭാര്യയും അവളുടെ ചാർച്ചക്കാരത്തി എലിസബെത്തും തമ്മിൽ കണ്ടുമുട്ടിയ അനുഭവമായിരുന്ന അത്. എബ്രഹാം മാർത്തോമ്മ തിരുമേനി സഖറിയാ സാറിനോടു പറഞ്ഞു, വേദപുസ്തകത്തിൽ കർത്താവ് ഈരണ്ടു പേരെയാണ് തന്റെ വേലയ്ക്കു അയക്കുന്നത്. താൻ അതുകൊണ്ട് ഒരാളെ കൂടെ കണ്ടു പിടിക്കണം. അപ്പോൾ രണ്ടുപേരെയും സഭ പ്രാർത്ഥിച്ചയക്കും. ഒരാളെ ലഭിക്കുന്നതിനു ഔസേപ്പച്ചനും പ്രാർത്ഥിക്കണം എന്നു പറഞ്ഞപ്പോഴാണ് ഇതുവരെയും ഒരുത്തരോടും പങ്കുവയ്ക്കാത്ത

ആഗ്രഹം ജോസഫ് സാർ സഖറിയ സാറിനോട് പറഞ്ഞത്. "അങ്ങനെയാണെങ്കിൽ താനും പെണ്ണമ്മയും കൂടി വരുന്നതു നല്ലതായിരിക്കുമല്ലോ. ഹോസ്ക്കോട്ട കർണ്ണാടകയിൽ തന്നെയാണല്ലോ."

1952 –ൽ ബാംഗ്ലൂരിൽ ക്രിസ്ത്യൻ ഇൻസ്റ്റിട്യൂട്ട് സ്റ്റഡി ആൻഡ് സൊസൈറ്റി (CISS) ഉത്ഘാടനം ചെയ്തു. ആ മീറ്റിംഗിൽ സംബന്ധിക്കാൻ വൈദിക വിദ്യാർത്ഥിയായിരുന്ന എനിക്കും ഭാഗ്യമുണ്ടായി. ഞായറാഴ്ച ബാംഗ്ലൂർ മാർത്തോമ്മ ആരാധനയിൽ സംബന്ധിച്ചു. ശുശ്രൂഷാനന്തരം ഹോസ്ക്കോട്ട മിഷൻ ഫീൽഡ് സന്ദർശിക്കുന്ന ടീമിന്റെ കൂടെ ഞാനും പോയതു ഓർക്കുന്നു. ടീമിലെ പ്രായം കുറഞ്ഞ ആൾ ഞാനായിരുന്നു. പ്രാരംഭ പ്രവർത്തകരായ റവ. എ. സി. സഖറിയായും, കൊച്ചമ്മയും മൂന്നു കൊച്ചു പെൺകുട്ടികളും, എം. റ്റി. ജോസഫ് സാറും, പെണ്ണമ്മകൊച്ചമ്മയും ഒരു കൊച്ചുമകളും രണ്ടു വാടക വീട്ടിൽ താമസിക്കുന്നു. അവർ ഞങ്ങളെ ഹോസ്കോട്ട മിഷനു വാങ്ങിക്കണമെന്നാഗ്രഹിച്ചുകൊണ്ടിരുന്ന ഒരു സ്ഥലം കൊണ്ടുപോയി കാണിച്ചു. അവിടെ നിന്നും അടക്കം പറഞ്ഞു ആ സ്ഥലത്തിന്നായി പ്രാർത്ഥിച്ചത് ഓർക്കുന്നു. മടക്കയാത്രയിൽ സന്ദർശകരുടെ പ്രതികരണം മനസ്സിൽ ഇന്നും പച്ച പിടിച്ചു നില്ക്കുന്നു. "കോട്ടയം സി. എം. എസ് ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന എ. സി. സഖറിയ സാർ ജോലി കളഞ്ഞ് ഹോസ്കോട്ടു വന്നിരിക്കുന്നു. മൂന്നു പെൺമക്കൾ. എങ്ങനെ ഇവരെ പഠിപ്പിക്കും. ആർ ഇവരെ വിവാഹം കഴിക്കും? എം. റ്റി. ജോസഫ് സാർ അഞ്ചൽ മാസ്റ്ററും, പെണ്ണമ്മകൊച്ചമ്മ പ്രൈമറി സ്കൂൾ അദ്ധ്യാപികയുമായിരുന്നു. കൊച്ചു മക്കളുടെ ഭാവി എന്താണ്? മിഷനറിമാരെക്കുറിച്ച് തികഞ്ഞ സഹതാപവും ദു:ഖവുമായിരുന്നു എല്ലാവർക്കും തന്നെ. ഇരുണ്ടതും ദുരിതപൂർണ്ണവുമായ ഭാവി. എന്നാൽ ഇന്ന് 55 വർഷങ്ങൾക്കുശേഷം നമക്കു ഒന്നു തിരിഞ്ഞുനോക്കാം. എ. സി. സഖറിയ സാർ അച്ചനായി സഭയിൽ നല്ല ശുശ്രൂഷകൾ കാഴ്ച്ചവെച്ചു, അച്ചനും കൊച്ചമ്മയും കർത്താവിന്റെ സന്നിധിയിലേക്ക് കടന്നുപോയി. പെൺമക്കൾ മൂവരെയും മാർത്തോമ്മ സഭയിലെ അച്ചൻമാർ വിവാഹം കഴിച്ചു. നല്ല സാക്ഷ്യം നിറവേറ്റുന്നു. ജോസഫ് സാറും പെണ്ണമ്മ കൊച്ചമ്മയും തങ്ങളെ വിളിച്ച സ്വർഗ്ഗസ്ഥനായ പിതാവിന്റെ നല്ല സാക്ഷികളായി അവസാനം വരെയും ഹോസ്കോട്ടയിൽ ജീവിച്ചു കർണ്ണാടകയിലെ മണ്ണിൽ അടക്കപ്പെട്ടു. മക്കൾ നാലു പേരും



വിവാഹിതരായി. കർണ്ണാടകയിലും അറേബ്യൻ ഗൾഫിലുമായി താമസിച്ചു പ്രവർത്തിക്കുന്നു.

ഹോസ്ക്കോട്ടയിൽ വന്നിട്ടു അധിക ദിവസങ്ങളായിട്ടില്ല. ഒരു ദിവസം രാവിലെ ഒരു ഏഴു മണിയോടടുത്ത സമയം. അടുത്ത വീട്ടിൽ നിന്നും ഏതോ അത്യാഹിതത്തിൽ പെട്ട ഒരു പെൺകുട്ടിയുടെ ദീനരോദനം. സാറ് പെട്ടെന്നു ആ വീട്ടിലേക്ക് ചെന്നു. അപ്പോൾ കണ്ട കാഴ്ച, അടുക്കളയിൽ പാതകത്തു കഞ്ഞി വാർത്തുകൊണ്ടിരുന്ന കലം തെറിച്ചു പോയി ചൂടു കഞ്ഞിവെള്ളം ദേഹത്തും കൈയ്യിലും വീണു ശരീരം പൊള്ളി വേദനിച്ചു കൊണ്ടിരിക്കുന്ന ഒരു പന്ത്രണ്ടു വയസ്സുകാരി പെൺകുട്ടിയെയാണ്. സാറിനു പെട്ടെന്നു ഓർമ്മ വന്നു. വീട്ടിൽ നിന്നും കർണ്ണാടകയിലുള്ള സുവിശേഷ സ്ഥലത്തേക്ക് വരുമ്പോൾ തന്റെ അമ്മ, മകനെ ഇതുകൂടി കൊണ്ടുപോകണം, ആവശ്യം വരും എന്നു പറഞ്ഞു തന്നയച്ച കുഴമ്പുകുപ്പി. വേഗത്തിൽ പൊള്ളലേറ്റ ഭാഗങ്ങളിലെല്ലാം കുഴമ്പു പുരട്ടി. തനിക്കറിയാവുന്ന ഭാഷയിൽ കർണ്ണാടക പെൺകുട്ടിയെ ആശ്വസിപ്പിച്ചു. സംഭവം നടക്കുമ്പോൾ ആ കുട്ടി മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളു. കുറച്ചു കഴിഞ്ഞപ്പോൾ ഭവനത്തിലുള്ളവർ ഓരോരുത്തരായി മടങ്ങി വന്നപ്പോഴാണ് അത്യാഹിതത്തെകുറിച്ചും അയല്ക്കാരെകുറിച്ചും അവർ മനസ്സിലാക്കുന്നത്.

അത്യാഹിതം ഉണ്ടായ വീട്ടിന്റെയും സാറിന്റെയും എതിർ വശത്താണ് ഹോസ്ക്കോട്ട മുൻസിപ്പാലിറ്റിയുടെ വൈസ് പ്രസിഡണ്ട് ശ്രീ. ഇഞ്ചപ്പൻ താമസിക്കുന്നത്. അദ്ദേഹത്തിന് ബന്ധമുള്ള വീട്ടിലായിരുന്ന അത്യാഹിതം ഉണ്ടായത്. അദ്ദേഹം സംഭവമെല്ലാം വീട്ടിലിരുന്ന് കണ്ടു. അദ്ദേഹം തന്റെ ഭാര്യയെ വിളിച്ചു പറഞ്ഞു, "കേരളത്തിൽ നിന്നും വന്നു താമസിക്കുന്ന സ്ത്രീകൾ ഇനിയും നമ്മുടെ വീട്ടിലെ ടാപ്പിൽ നിന്നും വെള്ളം പിടിച്ചുകൊള്ളട്ടെ. അവർ ഇനിയും റോഡരികിലെ ടാപ്പിൽ ക്യൂ നിന്നു ബുദ്ധിമുട്ടേണ്ട." രണ്ടു ദിവസം കഴിഞ്ഞു അദ്ദേഹം ഒരാളെ വിട്ടു ജോസഫ് സാറിനെ തന്റെ വീട്ടിലേക്ക് വിളിച്ചു, തന്നെത്തന്നെ പരിചയപ്പെടുത്തിയിട്ട് പറഞ്ഞു, "കഴിഞ്ഞ ദിവസം സംഭവിച്ചതെല്ലാം ഞാൻ വീട്ടിലിരുന്ന് നേരിൽ കണ്ടു. ഇതുപോലെയുള്ള സംഭവങ്ങൾ ഇവിടെ ആവർത്തിച്ചേക്കാം. നിങ്ങൾ ശുശ്രൂഷിക്കുന്നതിനു ഇവിടെ ഉണ്ടായിരിക്കണം. നിങ്ങൾ എന്തിനാണ് വാടക വീടുകളിൽ താമസിക്കുന്നത്. ഇവിടെ കുറച്ചു



www.nalloorlibrary.com

സ്ഥലം വാങ്ങി വീടു വെച്ചു താമസിക്കണം." ജോസഫ് സാർ പറഞ്ഞു, "ഞങ്ങൾക്ക് ഒരു സ്ഥലം വാങ്ങണമെന്ന് ആഗ്രഹമുണ്ട്. ഞങ്ങളുടേത് ഒരു ചെറിയ സഭയാണ്. അംഗങ്ങളുടെ മന:പൂർവ്വ ദാനങ്ങൾ കൊണ്ടാണ് ആവശ്യങ്ങൾക്കുള്ള പണം ശേഖരിക്കുന്നത്. ഞങ്ങളുടെ അന്വേഷണത്തിൽ കുറച്ചു സ്ഥലമുള്ളവർ വില്ക്കാൻ ആഗ്രഹിക്കുന്നില്ല. കൂടുതൽ ഉള്ളവരെ വേണ്ടത്ര പരിചയമില്ല." അദ്ദേഹം പറഞ്ഞു, "എനിക്കു ഈ പട്ടണത്തിൽ കുറച്ചു സ്ഥലമുണ്ട്. നിങ്ങൾക്ക് ആവശ്യമുള്ള സ്ഥലം തരാം. വിലയ്ക്കു തരാം. നിനക്കായതുകൊണ്ട് പണം ഉണ്ടാകുമ്പോൾ തന്നാൽ മതി." അവരിൽ നിന്നാണ് മാർത്തോമ്മ സഭയ്ക്കു രണ്ടു ഏക്കർ സ്ഥലം കർണ്ണാടകയിൽ ഹോസ്ക്കോട്ട മുനിസിപ്പൽ ടൗണിൽ വാങ്ങിയത്. പിന്നീട് ഏഴു ഏക്കർ കൂടി ഹോസ്ക്കോട്ട മിഷനു വേണ്ടി വാങ്ങിക്കുന്നതിനു കർത്താവു കരുണ ചെയ്തു.

ജോസഫ് സാറിന്റെ മകൾ ഗ്രേസമ്മ കായിക രംഗത്തു മികച്ച പ്രകടനം കാഴ്ചവെച്ച പെൺകുട്ടിയാണ്. ഹോസ്ക്കോട്ട ഹൈസ്കൂളിന് പേരും പെരുമയും ആർജിക്കുന്നതിന് തന്റെ എളിയ കഴിവുകൾ സംഭാവന ചെയ്തിട്ടുള്ളത് സന്തോഷത്തോടെ ഓർക്കുന്നു. കായിക അദ്ധ്യാപകനെ കുട്ടികളും നാട്ടുകാരും കൃതജ്ഞതയോടെ ഓർക്കുന്നു.

ജോസഫ് സാറിന്റെ ഏക മകൻ ജെയ്മോൻ - തോമസ് ജോസഫ്, ഹോസ്ക്കോട്ട മുനിസിപ്പൽ സ്കൂളിലെ Best Out-going Student ആയിരുന്നു. ജെയ്മോൻ SSLC പാസ്സായപ്പോൾ ജോസഫ് സാർ മകനെ വിളിച്ചു പറഞ്ഞു, "എനിക്കു നിന്നെ കോളജിൽ അയച്ചു പഠിപ്പിക്കുവാൻ നിർവാഹമില്ല. നീ വല്ല ജോലിയും കണ്ടു പിടിച്ചു ജോലി ചെയ്തു പഠിക്കാൻ നോക്കണം." പരിശ്രമവും ദൈവകൃപയും ചേർന്നപ്പോൾ എല്ലാറ്റിനും പരിഹാരം ഉണ്ടായി. Gestetner കമ്പനിയിൽ Sales Representative ആയി മെഷീൻ വില്ക്കുന്നതിലും മെറ്റീരിയൽസ് വിൽക്കുന്നതിലും പ്രാവിണ്യം തെളിയിച്ച് പ്രശംസാ പത്രവും കാഷ് അവാർഡുകളും വാങ്ങിക്കയുണ്ടായി. ബാംഗ്ലൂരിലെ പ്രസിദ്ധമായ ബ്രിഗേഡ് റോഡിൽ ജെയ്മോന്റെ കാസറ്റുകൾ വില്ക്കുന്ന ഒരു ഷോപ്പ് ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി പ്രാർത്ഥിച്ചു ഉത്ഘാടനം ചെയ്തത് ഓർക്കുന്നു.



ജോസഫ് സാറും ഞാനും മിക്കവാറും ഒരുമിച്ചായിരുന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കു വയ്ക്കുന്നതിനു പൊയ്ക്കൊണ്ടിരുന്നത്. അധിക സമയവും നടന്നായിരുന്നു പോകുന്നത്. സാധാരണയായി രാവിലെ പോകുമ്പോൾ ഉച്ചഭക്ഷണവും കുടിക്കുന്നതിനു വെള്ളവും കൊണ്ടുപോകും. ഒരു തണലുള്ള വൃക്ഷത്തിന്റെ ചുവട്ടിലോ ഒരു കിണറ്റിൻ കരയിലോ ഉച്ചഭക്ഷണം കഴിക്കുന്നതിന് ഞങ്ങൾ കൂടും. അങ്ങനെ സിമണ്ടഹള്ളി എന്ന ഗ്രാമത്തിൽ ഒരു ഉച്ചസമയം ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ പ്രായമുള്ള ഒരു മാതാവു വന്നു തങ്ങളുടെ ഗ്രാമത്തിന്റെ ഒരു ദു:ഖം പങ്കുവയ്ക്കുകയുണ്ടായി. ഗ്രാമത്തിലെ ഒരു വീട്. പന്ത്രണ്ടു വയസ്സുള്ള പെൺകുട്ടിയാണ് മൂത്തത്. അവൾക്ക് ഇളയവരായി രണ്ടു പെൺകുട്ടികളും രണ്ടു വയസ്സുള്ള ഒരു കൊച്ചു മകനും. പിതാവ് മുൻപു മരിച്ചു. അമ്മയും ഈ അടുത്ത സമയത്തു മരിച്ചുപോയി. അവർക്കു സഹായത്തിനായി ചാർച്ചക്കാരായി മറ്റാരും തന്നെയില്ല. പന്ത്രണ്ടു വയസ്സുകാരിക്ക് രണ്ടു വയസ്സുകാരനെ നോക്കാനും രക്ഷചെയ്യാനുമുള്ള പ്രാപ്തിയില്ല. അതുകൊണ്ട് നിങ്ങൾ ഈ കുട്ടിയെ കൊണ്ടു പോയി വളർത്തി സഹായിക്കണം. ജോസഫ് സാർ പറഞ്ഞു, "എങ്ങനെയാണ് ഈ പ്രശ്നത്തിന് പെട്ടെന്ന് ഉത്തരം പറയുന്നത്? നിങ്ങളെ സംബന്ധിച്ച് അതിപ്രധാനമായ കാര്യം. വീട്ടിൽ സ്ത്രീകളോട് ഒക്കെ ആലോചിക്കണമല്ലോ. നമുക്കു പ്രാർത്ഥിക്കാം. ഞങ്ങൾ വീണ്ടും വരാം." ഞങ്ങൾ തിരികെ മിഷൻ സെന്ററിൽ ചെന്നപ്പോൾ അവിടെയുള്ള ചാപ്പലിൽ സഹപ്രവർത്തകർ എല്ലാവരെയും വിളിച്ചു കൂട്ടി കാര്യങ്ങൾ പറഞ്ഞു. നമ്മുടെ ആശുപത്രിയിലെ സീനിയർ നേഴ്സ് മേരിയാണ് ആദ്യം പ്രതികരിച്ചത്. "എന്താ അച്ചാ, ആ കുഞ്ഞിനെ ഇങ്ങു എടുത്ത് കൊണ്ട് പോരാഞ്ഞത്? നമുക്കു കുഞ്ഞിനെ ഇവിടെ നമ്മുടെ ആശുപത്രയിൽ വളർത്താം." എല്ലാവർക്കും നല്ല ഉത്സാഹവും സന്തോഷവും. ഞങ്ങൾ പിറ്റേന്നു തന്നെ ആ ഗ്രാമത്തിൽ പോയി ആ അമ്മയെ കണ്ടു. "ഞങ്ങൾ ഗ്രാമത്തിൽ വന്നു കുട്ടിയെ എടുത്തുകൊണ്ട് പോകുന്നത് എങ്ങനെയാണ്? നിങ്ങൾ ആരെങ്കിലും ഈ കുഞ്ഞിനെ എടുത്ത് വളർത്തുന്നതായിരിക്കും നല്ലത്. ആരെങ്കിലും കുഞ്ഞിനെ സ്വീകരിച്ചു വളർത്തണം. നിങ്ങൾക്ക് ആകുന്നില്ലെങ്കിൽ ആ ചുമതല എടുക്കാം. ആരോടൊക്കെയാണ് ആലോചിക്കേണ്ടത് എന്നറിവാൻ പാടില്ല. അതുകൊണ്ട് നിങ്ങൾ ബന്ധപ്പെട്ടവരോടൊക്കെ ആലോചിച്ച് ഞങ്ങളാണ് ആ ചുമതല ഏൽക്കേണ്ടതെങ്കിൽ, കുഞ്ഞിനെ ഞങ്ങളുടെ മിഷൻ സെന്ററിൽ കൊണ്ടുവന്ന് ഏല്പിക്കണം. പിന്നീട്



www.nalloorlibrary.com

ഈ കുഞ്ഞിനെ സംബന്ധിച്ച് തർക്കങ്ങൾ ഒന്നും ഉണ്ടാകാൻ പാടില്ല." പിറ്റേന്ന് ആ മാതാവ് കുഞ്ഞിനെ ഒരു കൊട്ടയിൽ തലയിൽ എടുത്തുകൊണ്ട് വന്നു ഞങ്ങളെ ഏല്പിച്ചു. നീണ്ട കഥ ചുരുക്കി പറയട്ടെ. ഈ പൈതലാണ് കർണ്ണാടക സംസ്ഥാനത്തിലെ മാർത്തോമ്മ സഭയുടെ ഒന്നാമത്തെ പട്ടക്കാരൻ, Rev. Samuel Santhosham. ദൈവകൃപ എത്ര മനോഹരം !!!

ഞങ്ങൾ ഒരിക്കൽ ഞങ്ങളുടെ നാലു കുട്ടികളെയും ജോസഫ് സാറിനെയും പെണ്ണമ്മ കൊച്ചമ്മയെയും ഏല്പിച്ചിട്ടു വീടു വിട്ടു പോകേണ്ടി വന്നു. ഞങ്ങൾ അവരെ ഭരമേല്പിച്ചു പോയത് കുഞ്ഞുങ്ങൾക്കും ഞങ്ങൾക്കും ശാശ്വതമായ അനുഗ്രഹത്തിന് മുഖാന്തിരമായി. കുട്ടികൾ കിടക്കാൻ, ഉറങ്ങാൻ പോകുമ്പോൾ "ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവെ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്." (സങ്കീ 4:8) അതുപോലെ അതിരാവിലെ എഴുന്നേൽക്കുമ്പോൾ "ഞാൻ കിടന്നുറങ്ങി; യഹോവ എന്നെ താങ്ങുകയാൽ ഉണർന്നിരിക്കുന്നു." (സങ്കീ 3:5) ഈ വാക്യങ്ങൾ ഹൃദിസ്ഥമാക്കി. ഈ വാക്യങ്ങൾ ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നു എന്നുമാത്രമല്ല അനേകരോട് പറയുന്നതിനും പറഞ്ഞുകൊടുക്കുന്നതിനും സഹായിക്കുന്നു.

ഒരു സംഭവം ഓർക്കുന്നു. ഞങ്ങളുടെ കൊച്ചുമകൻ ചിപ്പിയുടെ പിറന്നാളിനു തലേ ദിവസം അവർ പെണ്ണമ്മ കൊച്ചമ്മയോട് പറയുകയാണ്, "അമ്മച്ചീ, നാളെ എന്റെ പിറന്നാളാണ്. അമ്മച്ചി വരുമ്പോൾ എനിക്കു അച്ചാപ്പവും ബനിയനും കൊണ്ടുവന്നു തരണം."

1947 ജൂൺ 27 ാം തീയതിയാണ് ജോസഫ് സാറും പെണ്ണമ്മ കൊച്ചമ്മയും മൂത്ത മകൾ മോനമ്മയും ഹോസ്ക്കോട്ടയിൽ എത്തുന്നത്. അന്ന് ബാംഗ്ലൂർ മാർത്തോമ്മ ഇടവക വികാരി റവ. എം. ജി. ചാണ്ടി ആയിരുന്നു. പില്ക്കാലത്ത് അദ്ദേഹം സഭയുടെ മെത്രാപ്പോലീത്തയായി. വികാരി അച്ചനും ഇടവകയിലെ സ്നേഹിതരും കൂടി ഹോസ്ക്കോട്ട മിഷനറിമാരെയും കുടുംബാംഗങ്ങളെയും ബാംഗ്ലൂർ സിറ്റി റെയിൽവേ സ്റ്റേഷനിൽ സ്വീകരിച്ചു ഹോസ്ക്കോട്ട മിഷൻ ഫീൽഡിൽ അവർക്കായി ക്രമീകരിച്ചിരുന്ന വാടക വീടുകളിൽ കൊണ്ടു വന്നാക്കി. വികാരി അച്ചന്റെ കരുതലിനെയും സ്നേഹത്തെയും കുറിച്ച് പെണ്ണമ്മ



www.nalloorlibrary.com

കൊച്ചമ്മ പറഞ്ഞതോർക്കുന്നു. ഞങ്ങളുടെ വീട്ടിലേക്കും ആവശ്യമുള്ള സാധനങ്ങൾ പ്രത്യേകം പ്രത്യേകം ടിന്നുകളിലും കുപ്പികളിലും പേര് എഴുതി ഒട്ടിച്ചു യഥാസ്ഥാനങ്ങളിൽ വെച്ചിരുന്നു.

ഹോസ്ക്കോട്ടാ മിഷന്റെ ആദ്യഫലങ്ങൾ അബ്രഹാമും സാറായുമാണ്. ഹോസ്ക്കോട്ടയിൽ നിന്നും അഞ്ചു മൈൽ അകലെയുള്ള ഗൊണക്കനഹള്ളി ഗ്രാമത്തിലാണ് അവരുടെ വീട്. അവരുടെ ജന്മദിനങ്ങൾ അവർക്കു അറിഞ്ഞുകൂടാ. അവർ കർത്താവിൽ വിശ്വസിച്ചു സ്നാനമേറ്റത് 1956 ഡിസംബർ 9-ാം തീയതിയാണ്. അന്നു മുതൽ അവർ കർത്താവിനെ സ്വീകരിച്ച ദിവസം അവരുടെ ജന്മദിനമായി കൊണ്ടാടുന്നു. നേരത്തെയുള്ള അവരുടെ പേര് നരസിംഹപ്പ, പിള്ളമ്മ എന്നായിരുന്നു. ഒൻപതു വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു തങ്ങളുടെ പ്രവർത്തനഫലം കാണേണ്ടതിന്. കർണ്ണാടകത്തിലെ വേലയുടെ ആരംഭവും, വളർച്ചയും, വികസനവുമൊക്കെ നേരിൽ കണ്ടു സന്തോഷിക്കുന്നതിനും ആദ്യഫലങ്ങളായ അബ്രഹാമിനും സാറായ്ക്കും പ്രാരംഭസ്ഥാപക മിഷനറിമാരായ ജോസഫ് സാറിനും പെണ്ണമ്മകൊച്ചയ്ക്കും വലിയവനായ കർത്താവ് ഭാഗ്യവും അവസരവും നൽവരവും നൽകി അനുഗ്രഹിച്ചു. ഹോസ്ക്കോട്ടാ സഭയ്ക്കു ഒരു മിഷൻ കേന്ദ്രം, ദേവാലയം, താമസത്തിനു വീടുകൾ, ക്യാമ്പ് സെന്റർ, ആശുപത്രി, വാർഡുകൾ, ഇടവക, ഇടവകാംഗങ്ങളിൽ നിന്നും രണ്ട് അച്ചൻമാർ, സുവിശേഷകർ, കർണ്ണാടക ഭാഷയിൽ ആരാധന, ഇടവകകൾ എല്ലാം ദർശിച്ചു സന്തോഷിപ്പാൻ കർത്താവ് കൃപ ചെയ്തു.

ഒരു നാലു മണി സമയം. ബാംഗ്ലൂരിൽ നിന്നും കുടുംബ സുഹൃത്തും, സഭാംഗവും, ഹോസ്ക്കോട്ടയിലെ വേലയിൽ അതീവ തല്പരനുമായ കെ. ജെ. ഏബ്രഹാം - അവറാച്ചൻ വന്നു. പെണ്ണമ്മ കൊച്ചമ്മ വളരെ സന്തോഷമായി സ്വീകരിച്ചു നല്ല പായസവും, കേക്കുമൊക്കെ അവറാച്ചനു കൊടുത്തു. "എന്താ പെണ്ണമ്മേ ഇന്നു വിശേഷം? ആരുടെ പിറന്നാളാണ്?" അവറാച്ചൻ ചോദിച്ചു. പെണ്ണമ്മ കൊച്ചമ്മയുടെ മറുപടി ഞങ്ങൾ എല്ലാവരെയും ആനന്ദത്തിൽ ആറാടിച്ചു. "അവറാച്ചാ, ഇപ്പോൾ ഞങ്ങൾ ഇങ്ങനെയൊക്കെയാണ്."

ജോസഫ് സാറിന് തന്റെ ജന്മസ്ഥലമായ മാരാമണ്ണ് അയല്ക്കാരനും സഹപാഠിയും സ്നേഹിതനുമായ ഒരു കേശവനുണ്ട്. ഒരു ആശാരിയാണ്. സാറ് ഹോസ്ക്കോട്ടയിൽ വന്നു കുറച്ചു വർഷങ്ങൾ

കഴിഞ്ഞു നാട്ടിൽ വന്നപ്പോൾ പഴയ സ്നേഹിതൻ കണ്ടു. സാറിനോട് ചോദിച്ചു, "സാറെ, കുറെ വർഷങ്ങളായി എന്റെ മനസ്സിലുള്ള ഒരു ചോദ്യമാണ്. സാർ ബാംഗ്ലൂരിനടുത്തല്ലേ. അവിടെ ഒക്കെ ധാരാളം സായ്പന്മാരെയും മദാമ്മമാരെയുമൊക്കെ കാണുകയും പരിചയപ്പെടുകയും ചെയ്തിരിക്കുമല്ലോ. സാറെ അവർക്കു വാലുണ്ടോ? മനുഷ്യൻ കുരങ്ങളിൽ നിന്നും വാലു ചുരുങ്ങി ചുരുങ്ങി ഉണ്ടായതെന്നല്ലേ പറയുന്നത്." സാറു പറഞ്ഞു, "കേശവാ, അത് അടുത്തറിയാവുന്നവർക്കല്ലേ അറിയുകയുള്ളൂ. എനിക്ക് അത്രയും അടുത്ത് അറിയാൻ ഇടയായിട്ടില്ല." കേശവനെ അവന്റെ ജിജ്ഞാസയിൽ തന്നെ നിലനിർത്തിയിട്ടു പോന്നു.

'ദൊഡ്ഡ യജമാനരു' (വലിയ യജമാനൻ) എന്ന പേരിലാണ് ജോസഫ് സാർ സാധാരണ ജനങ്ങളുടെ ഇടയിൽ അറിയപ്പെടുന്നത്. പ്രായം കൊണ്ടും സ്നേഹം കൊണ്ടും ജനങ്ങൾ നൽകിയ ബഹുമതിയാണ്.

ഞങ്ങൾ ഹോസ്ക്കോട്ടയിൽ 1965 ജൂൺ ഒന്നിനു ചെല്ലുമ്പോൾ ഞങ്ങൾക്കു താമസിക്കാൻ ലഭിച്ച വീട് സാറുമൊക്കെ താമസിച്ചിരുന്ന വീടാണെന്നു വളരെ നാളുകൾ കഴിഞ്ഞേ ഞങ്ങൾ മനസ്സിലാക്കിയുള്ളൂ. നമ്മുടെ മിഷൻ സെന്ററിൽ രണ്ടു വീടുകൾ മാത്രമേയുള്ളൂ. അതിലൊന്നിലായിരുന്നു ജോസഫ് സാറും കുടുംബവും താമസിച്ചിരുന്നത്. ഞങ്ങൾ വരുന്നതറിഞ്ഞ് സാർ സ്വമേധയായ് താമസിച്ചുകൊണ്ടിരുന്ന വീടു ഞങ്ങളുടെ താമസത്തിനു തന്നുകൊണ്ട് ഹോസ്ക്കോട്ട ടൗണിലുള്ള ഒരു വാടകവീട്ടിലേക്ക് മാറി താമസിക്കുകയായിരുന്നു. സാറിന്റെ സ്നേഹവും കരുതലും എത്ര വലിയത്.

ജോസഫ് സാറും പെണ്ണമ്മ കൊച്ചമ്മയും നല്ല കൃഷിക്കാരാണ്. വീട്ടു വളപ്പിൽ വെള്ളം കോരി നനച്ചു വളർത്തിയ കരിവേപ്പ്, വാഴ ഒക്കെ ഉണ്ടായിരുന്നു. ഞാൻ ഓർക്കുന്നു, സാറു വെള്ളം കോരി നട്ടു വളർത്തിയ ഒരു നല്ല പൂവൻകുല വിളഞ്ഞു പഴുക്കാറായി. ഞാൻ അതു വെട്ടി സാറിനു കൊടുത്തയച്ചു. സാറ് അതിന്റെ ഒരു ചെറിയ അംശം എടുത്തിട്ട് സിംഹഭാഗവും ഞങ്ങൾക്കു കൊടുത്തയച്ചു, അതാണ് ജോസഫ് സാറും പെണ്ണമ്മ കൊച്ചമ്മയും.



1986 ജൂണിൽ പെണ്ണമ്മ കൊച്ചമ്മയ്ക്ക് നല്ല സുഖമില്ല. ബാംഗ്ലൂർ സെന്റ് ഫിലോമിനാസ് ഹോസ്പിറ്റലിൽ അഡ്മിറ്റു ചെയ്തിരിക്കുന്നു എന്നറിഞ്ഞു കൊച്ചമ്മയെ കാണുന്നതിനായി ഞാൻ ബാംഗ്ലൂരിൽ പോയി. കൊച്ചമ്മയെ കാണുകയും കുറച്ചു സമയം സമീപത്തിരുന്നു സാംസാരിച്ചു. പ്രാർത്ഥിച്ചു. അന്നു രാത്രി ഹോസ്ക്കോട്ടയിൽ പോയി ജോസഫ് സാർ ഒന്നിച്ചു സംസാരിച്ചു. കുറച്ചധികം സമയം ഞങ്ങൾ ഇരുന്നു സാംസാരിച്ചു. സാർ പറഞ്ഞു, "അച്ചാ ഞാൻ എല്ലാ വശവും ചിന്തിച്ചു. കർത്താവ് പെണ്ണമ്മയെ തന്റെ അടുക്കലേക്ക് വിളിക്കുകയാണെങ്കിൽ എന്താണ് ചെയ്യേണ്ടത്? ബാംഗ്ലൂരിൽ ഒന്നും കൊണ്ടുപോയി അടക്കേണ്ടാ, ഞങ്ങൾ ഹോസ്ക്കോട്ടയിലെ വേലയ്ക്കായിട്ടാണല്ലോ വന്നത്. ഹോസ്ക്കോട്ട മിഷന്റെ ഗൊണക്കനഹള്ളിയിലുള്ള സെമിത്തേരിയിൽ മതി." മനസ്സിലുള്ള ഈ താല്പര്യം എന്നോട് പങ്കു വച്ചതിന് ഞാൻ സാറിനു നന്ദി പറഞ്ഞു. ഈ കാര്യം ഹോസ്ക്കോട്ടയിലുള്ള പി. വി. ഫിലിപ്പ് അച്ചനോടും ബാംഗ്ലൂരിലെ സഹോദരന്മാരായ അച്ചൻമാരോടും പറയുന്നതിന് എനിക്കും അവസരം കിട്ടി. ആയതു ആവശ്യ സമയത്തു സമയോചിതമായി പ്രവർത്തിക്കുന്നതിനു സഹായമായി.

മാരാമൺ കൺവൻഷന്റെ ശതാബ്ദി മീറ്റിംഗ് ദിവസം കർത്താവ് തന്റെ മകനെ തന്റെ ദിവ്യ വിചാരണയിൽ തന്റെ മാർവ്വിലേക്ക് സ്വീകരിച്ചു. ദുഃഖ വാർത്ത മീറ്റിംഗ് സമയത്ത് എനിക്കു ലഭിച്ചു. ശവസംസ്കാര ശുശ്രൂഷയിൽ പോയി സംബന്ധിക്കുന്നതിന് കർത്താവ് ഞങ്ങൾ ഇരുവർക്കും കരുണ ചെയ്തു. ജോസഫ് സാറും പെണ്ണമ്മ കൊച്ചമ്മയും 1947 ജൂൺ 27 -ാം തീയതി ഹോസ്ക്കോട്ടയിൽ വന്നു. ആ നാടിനെയും ജനങ്ങളെയും സ്നേഹിച്ചു. അവരോട് യേശു കർത്താവിനെ ജീവിതത്തിൽ കൂടിയും വാക്കിൽ കൂടിയും സാക്ഷിച്ചു. ഏതൊരുദ്ദേശത്തിനുവേണ്ടി കർണ്ണാടകയിൽ വന്നുവോ, ആയതിന്റെ നിർവ്വഹണത്തിനായി അവിടെ ഒരു സ്ഥലം വാങ്ങി, വീടു വെച്ചു കുടുംബമായി താമസിച്ചു. തിരികെ ജനിച്ച ദേശത്തേക്ക് പോയില്ല. കർത്താവ് കാണിച്ചു കൊടുത്ത അപ്പോസ്തലനെപ്പോലെ താൻ പ്രഘോഷിച്ച സുവിശേഷത്തിനു തന്റെ സകല ശക്തിയും നൽകി കർണ്ണാടകയിലെ അനുഗ്രഹിക്കപ്പെട്ട മണ്ണിനോട് അലിഞ്ഞു ചേർന്നു. 1947 മുതൽ 1995 വരെ 48 നീണ്ട വർഷങ്ങൾ കർണ്ണാടകയിലെ ഹോസ്ക്കോട്ടയിൽ താമസിച്ച് തന്റെ രക്ഷകന്റെ വേലയിൽ



www.nalloorlibrary.com

തന്നെതന്നെയും കുടുംബത്തെയും നൽകി പ്രവർത്തിക്കുന്നതിന് കർത്താവ് കരുണചെയ്തു.

1995 ഫെബ്രുവരി 18 മാരാമൺ കൺവൻഷന്റെ ശതാബ്ദി മീറ്റിംഗ് മാരാമൺ കൺവൻഷൻ മണൽപുറത്ത് നടക്കുകയാണ്. അദ്ധ്യക്ഷവേദിയിൽ മാർത്തോമ്മ വലിയ മെത്രാപ്പോലീത്ത അലക്സാണ്ടർ മാർത്തോമ്മ തിരുമേനിയും, വിശിഷ്ട അതിഥികൾ ആംഗ്ലിക്കൻ സഭയുടെ പരമാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് ജോർജ് കേറിയും, പത്നിയും, സുവിശേഷ പ്രസംഗസംഘം പ്രസിഡണ്ട് ജോസഫ് മാർ ഐറേനിയസ് തിരുമേനിയും ഉപവിഷ്ടരായിരുന്നു. സംഘം ജനറൽ സെക്രട്ടറി റവ. ഡോ. ഡി ഫിലിപ്പ് തന്റെ പ്രസ്താവനയിൽ, കൂട്ടത്തിൽ 'ഹോസ്ക്കോട്ടയിലെ ജോസഫ് ' ഇന്നു രാവിലെ മരിച്ചു പോയി" എന്നറിയിച്ചു. പ്രസിഡണ്ട് തിരുമേനി തിരുവചനത്തിൽ നിന്നും, "മനുഷ്യ പുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക . . . ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു, കോതമ്പുമണി നിലത്തുവിണ് ചാകുന്നില്ല, എങ്കിൽ അതു തനിയേ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കും." (യോഹന്നാൻ 12:23-26) വായിച്ചു. ശതാബ്ദി കൺവൻഷന്റെ ഏറ്റവും വലിയ മീറ്റിംഗാണ്. സഭയിലെ തിരുമേനിമാർ എല്ലാവരും, പട്ടക്കാരും, സുവിശേഷകരിൽ ഭുരിഭാഗവും സന്നിഹിതരായിരുന്നു. ലക്ഷം കവിഞ്ഞുള്ള ജനക്കൂട്ടവും ഉണ്ടായിരുന്നു. ഞാനും ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. അന്നേ ദിവസം കർത്താവിന്റെ മഹത്വമുള്ള ശുശ്രൂഷക്കായി 100 ആളുകൾ തങ്ങളെതന്നെ സമർപ്പിക്കുകയുണ്ടായി. 1947 -ൽ ഈ കൺവൻഷനിൽ നിന്നും തന്നെത്തന്നെ കർത്താവിന്റെ വേലക്കായി സമർപ്പിച്ചു കർണ്ണാടകയിലെ വേലയ്ക്കായി കടന്നു പോയ മാരാമൺ ഇടവകയിലെ മനോൺ വീട്ടിൽ എം. റ്റി. ജോസഫാണ് അന്നേ ദിവസം രാവിലെ ഹോസ്ക്കോട്ടയിൽ നിര്യാതനായത്. മാർത്തോമ്മ സഭയിലെ സുവിശേഷകന് തന്റെ സ്വർഗ്ഗീയ ഭവനത്തിലേക്ക് കടന്നുപോകുന്നതിനുള്ള വിളി ലഭിച്ചത് ഈ നല്ല ദിവസത്തിലായിരുന്നു. ഒരു സുവിശേഷകൻ തന്റെ ഓട്ടം തികച്ചപ്പോൾ ആ ബേററൺ ഏറ്റു വാങ്ങുന്നതിന് കർത്താവ് 100 പേരെ എഴുന്നേല്പിച്ചു., ദൈവത്തിന് സ്തോത്രം.

റവ. ഇ. ജെ. ജോർജ്



# ഓർമ്മയിൽ ഇന്നും ജീവിക്കുന്ന ജോസഫ് സാറും കൊച്ചമ്മയും

ഇന്ന് കർണ്ണാടക പ്രദേശത്ത് മാർത്തോമ്മ സഭയുടെ ചുമതലയിൽ ഉള്ള ഹോസ്കോട്ട മിഷന്റെ പ്രാരംഭ പ്രവർത്തകരായിരുന്ന സഖറിയ സാറും, ജോസഫ് സാറും. പ്രത്യേക ദൈവവിളിയോടും ദർശനത്തോടും പൂർണ്ണസമർപ്പണത്തോടും കൂടെയാണ് കാർത്താവിന്റെ വേല ആ പ്രദേശത്ത് ആരംഭിച്ചത്. ഈ രണ്ടു കുടുംബങ്ങളും ഒരുമിച്ചാണ് കേരളത്തിൽ നിന്നും ഹോസ്കോട്ടയിൽ എത്തിയതും, പിന്നീട് പ്രവർത്തനം ആരംഭിച്ചതും.

എം. റ്റി. ജോസഫ് സാർ ഒരു പോസ്റ്റ് മാസ്റ്ററും അദ്ദേഹത്തിന്റെ ഭാര്യ പെണ്ണമ്മ കൊച്ചമ്മ ഒരു സ്കൂൾ അദ്ധ്യാപികയും ആയിരുന്നു. ഹോസ്കോട്ടയിൽ വരുമ്പോൾ ഇവർക്ക് മോളിയമ്മ എന്ന ഒരു മകളും ഉണ്ടായിരുന്നു. തങ്ങളുടെ ജോലി രാജിവച്ചാണ് കർത്താവിന്റെ ശുശ്രൂഷയ്ക്കായി ഈ പ്രീയപ്പെട്ടവർ ഇറങ്ങിതിരിച്ചത്. അവർ കേരളത്തിൽ നിന്നും പോരുമ്പോൾ ഞാൻ ഒരു ഹൈസ്കൂൾ വിദ്യാർത്ഥിനിയായിരുന്നു. ഈ രണ്ടു കുടുംബങ്ങളുടെയും ഇങ്ങനെയുള്ള തീരുമാനം എന്നെ വളരെയധികം ചിന്തിപ്പിച്ചു. ഈ വിധത്തിൽ തങ്ങളുടെ ജോലി രാജിവച്ചിട്ട് കുടുംബസമേതം ദേശമോ ഭാഷയോ അറിയാൻ പാടില്ലാത്ത ഒരു സ്ഥലത്തേക്ക് പോകാനുള്ള തീരുമാനവും അവരുടെ ഒന്നിച്ചുള്ള പോക്കും ഒക്കെ ഒരു അസാധാരണ ധീരതയും, സാഹസവും, എടുത്തുചാട്ടവുമായി എനിക്ക് തോന്നിയിട്ടുണ്ട്. അവരെ ഇതിനുവേണ്ടി പ്രേരിപ്പിച്ച ശക്തി എത്ര വലുതാണ് എന്ന് പലപ്പോഴും ഞാൻ ചിന്തിച്ചിട്ടുണ്ട്. അവർ ഹോസ്കോട്ടയിൽ എത്തിയതിനുശേഷം അവരുടെ അനുഭവങ്ങൾ ഒക്കെ മിക്കവാറും ഞങ്ങൾക്ക് എഴുതുമായിരുന്നു. ഗ്രാമീണ ജനങ്ങളോട് കൂടെയുള്ള ജീവിതവും പ്രവർത്തനങ്ങളുമൊക്കെ ഒരു അതിശയമായി പലപ്പോഴും എനിക്ക് തോന്നിയിരുന്നു. എഴുത്തുകൾ വരുമ്പോൾ വളരെ ആകാംക്ഷയോടെ ഞാൻ വായിക്കുകയും മനസിലാക്കുകയും ചെയ്യുമായിരുന്നു. എന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് കർണ്ണാടകയിൽ വന്ന് നഴ്സിംങ്ങ് പഠിക്കുവാനുള്ള ഒരു അവസരം എനിക്ക് ലഭിച്ചു. 1949 -ൽ ഞാൻ കോളാറിലുള്ള E. T. C. M ഹോസ്പിറ്റലിൽ നഴ്സിംങ്ങ് പഠനത്തിനായ് ചേർന്നു. അവിടെ നിന്നും പലപ്പോഴും ഹോസ്ക്കോട്ട മിഷൻ സന്ദർശിക്കുവാനായി എനിക്ക് അവസരം ലഭിച്ചിരുന്നു.



www.nalloorlibrary.com

ആദ്യ കാലങ്ങളിൽ ജോസഫ് സാറും കുടുംബവും, സഖറിയ സാറും കുടുംബവും ഒന്നിച്ച് ഒരു വീട്ടിലായിരുന്നു താമസം. ആ സമയത്ത് ജോസഫ് സാറിനേയും കുടുംബത്തേയും എനിക്ക് കൂടുതൽ പരിചയപ്പെടുവാൻ സാധിച്ചു. സഖറിയ സാറിന്റെ മക്കൾ എന്നെ 'മാവി' എന്നായിരുന്നു വിളിച്ചിരുന്നത്. അന്നുമുതൽ ജോസഫ് സാറിന്റെ കുഞ്ഞുങ്ങളും എന്നെ 'മാവി' എന്നു തന്നെ വിളിച്ചു. മോളിയമ്മയും, ഗ്രേസമ്മയും, മോനും, കുഞ്ഞുമോളും ഒക്കെ സഖറിയ സാറിന്റെ മക്കളെപ്പോലെ എന്നെ സ്നേഹിക്കുകയും ഒരു കുടുംബത്തിലെ അംഗത്തിനെപ്പോലെ കരുതുകയും ചെയ്തു. ഇന്നു ഞാൻ അവരുടെ 'മാവി' യാണ്. അവരുടെ ഹോസ്ക്കോട്ടയിലെ ജീവിതവും പ്രവർത്തനങ്ങളും കാണുവാനും, അവരോടൊന്നിച്ച് താമസിക്കുവാനും ഒക്കെ എനിക്ക് കിട്ടിയ അവസരങ്ങൾ എന്റെ ജീവിതത്തിൽ വളരെ വിലപ്പെട്ടതായി എനിക്ക് ഇന്നും അനുഭവപ്പെടുന്നു. കുറേ നാളുകൾ കഴിഞ്ഞ് അവർ രണ്ടു വീടുകളിലായിരുന്നു ജീവിതം. ഈ രണ്ടു കുടുംബങ്ങളുടെയും ത്യാഗപരമായ ജീവിതവും, അവരുടെ ശുശ്രൂഷകളും എന്നെ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്. കർണ്ണാടകത്തിൽ തന്നെ എന്റെ ഭാവി ജീവിതം ചെലവഴിക്കപ്പെടണം എന്നു തീരുമാനിക്കുവാൻ കാരണം ഈ കുടുംബങ്ങളുടെ മാതൃകാപരമായ ശുശ്രൂഷകളും ജീവിതവുമാണ്. ഈ കുടുംബങ്ങൾ തമ്മിലുള്ള സ്നേഹബന്ധവും സഹകരണവും പ്രശംസനീയാർഹമാണ്.

ജോസഫ് സാറിന്റെ വീട്ടിൽ ഏതു സമയത്ത് ഞാൻ ചെന്നാലും എന്തെങ്കിലും ഭക്ഷണം തരാതെ കൊച്ചമ്മ വിടുകയില്ലായിരുന്നു. കൊച്ചമ്മ അതിഥിസൽക്കാര പ്രീയ ആയിരുന്നു. മറ്റുള്ളവരെ സൽക്കരിക്കുന്നതിലും അവർക്ക് കൊടുക്കുന്നതിലും ഒത്തിരി സന്തോഷം കണ്ടെത്തിയിരുന്നു. ജോസഫ് സാർ അധികം സംസാരിക്കുകയില്ലായിരുന്നു എങ്കിൽ പോലും വളരെ അധികം സ്നേഹമുള്ള ഒരു വ്യക്തിയായിരുന്നു. ഇരു കുടുംബങ്ങളിലെ കുഞ്ഞുങ്ങൾ ഒരുമിച്ചാണ് പഠിച്ചതും വളർന്നതും.

ഈ രണ്ട് കുടുംബങ്ങളും ഒരുമിച്ചാണ് കർത്താവിന്റെ ശുശ്രൂഷയ്ക്കായി ഗ്രാമങ്ങൾ തോറും സഞ്ചരിച്ചത്. കാളവണ്ടിയിലാണ് അവർ ദൂരെയുള്ള ഗ്രാമങ്ങളിൽ പൊയ്ക്കൊണ്ടിരുന്നത്. ചുറ്റുപാടുമുള്ള ഗ്രാമീണരെ തങ്ങളുടെ



ജീവിതം കൊണ്ട് ജോസഫ് സാറും കൊച്ചമ്മയും ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്. ഇന്നും ഗ്രാമീണരിൽ അനേകർ വളരെ സന്തോഷത്തോടെ ഈ കുടുംബത്തെ കുറിച്ച് പറയാറുണ്ട്. കർത്താവിന്റെ വേലയിൽ സാറും കൊച്ചമ്മയും വളരെ വിശ്വസ്ഥരായി അവസാനം വരെയും ജീവിച്ചു. ഒരു മാതൃകാ കുടുംബമായിരുന്നു അവരുടേത്. കുഞ്ഞുങ്ങൾ നല്ല ദൈവവിശ്വാസവും ഭക്തിയുമുള്ളവരായി വളർന്നു വന്നു. മാതാപിതാക്കളെപോലെ അവരും കർത്താവിന്റെ വേലയിൽ പങ്കാളികളാകുമായിരുന്നു. ഗ്രാമങ്ങളിൽ പോയി കുട്ടികളെ കഥകളും പാട്ടുകളും ഇവരും പഠിപ്പിച്ചിരുന്നു.

ആദ്യ കാലങ്ങളിൽ ഒരുപാട് സാമ്പത്തിക ഞെരുക്കവും പ്രയാസങ്ങളും ഈ കുഞ്ഞുങ്ങൾ അനുഭവിച്ചിരുന്നു. എന്നാൽ സാറിന്റെയും കൊച്ചമ്മയുടെയും സമർപ്പണവും വിശ്വാസവും അവരെ മുമ്പോട്ട് നടത്തി. ഇപ്പോഴും നല്ല സാക്ഷികളായി ദൈവം അവരെ ആക്കിയിരിക്കുന്ന സ്ഥാനങ്ങളിൽ ജീവിക്കുവാൻ സഹായിക്കുന്നു. കൊച്ചമ്മയാണ് ആദ്യം ഈ ലോകം വിട്ടു പോയത്. കുറച്ചു നാൾ സുഖമില്ലാതെ കിടന്നു. പ്രത്യശയോടെ തന്റെ കർത്താവിന്റെ സന്നിധിയിൽ എത്തി. കൊച്ചമ്മയുടെ ശവസംസ്കാരം ഹോസ്ക്കോട്ടയിൽ നടത്തി. അതിനുശേഷം ജോസഫ് സാർ തനിച്ചായി. ആ ദിവസങ്ങളിൽ മൂത്ത മകൾ സാറിനെ ശുശ്രൂഷിച്ചു. ജോസഫ് സാർ മരിക്കുമ്പോൾ ഞാൻ ഹോസ്ക്കോട്ട ആശുപത്രിയിൽ ജോലി ചെയ്യുകയായിരുന്നു. അവസാന സമയങ്ങളിൽ സാറിനെ ശുശ്രൂഷിക്കുവാനുള്ള ഭാഗ്യം ദൈവം എനിക്കും തന്നു. അതിൽ എനിക്ക് അഭിമാനവും സന്തോഷവും ഉണ്ട്. അങ്ങനെ രണ്ടു പേരും തങ്ങൾ ഏറ്റെടുത്ത വേല വിശ്വസ്തതയോടെ ചെയ്തു തീർത്തു. കർണ്ണാടക പ്രദേശം തങ്ങളുടെ സ്വന്ത നാടെന്നു കരുതി ഹോസ്ക്കോട്ടയിൽ സ്ഥിര താമസമാക്കിക്കൊണ്ട്, തങ്ങൾ സ്നേഹിച്ച ജനങ്ങളുടെ മദ്ധ്യത്തിൽ അവസാനം വരെയും നല്ല സാക്ഷ്യമുള്ളവരായി ജീവിച്ച് മരിച്ച് അടക്കപ്പെട്ടു. ഇന്നും ഇവരെ അറിയത്തവരായി ഹോസ്ക്കോട്ടയിൽ ആരും ഇല്ല. കർത്താവിന്റെ ശുശ്രൂഷയിൽ ഇവർ കാണിച്ച നല്ല മാതൃകകൾ നമുക്കും പിൻതുടരാം.

**മിസ്സ്. ഏലിയാമ്മ മാത്യു.**



www.nalloorlibrary.com

## നീതിയുടെ കിരീടത്തിനുവേണ്ടി പോരാടി ജീവിതാന്ത്യം വരെ വിശ്വസ്ഥതയോടു ജീവിച്ച് മരണം വരിച്ച രണ്ടു മഹൽ വ്യക്തികൾ

അന്ധകാരത്തെ കീഴ്പ്പെടുത്തി സുവിശേഷം ആയുധമാക്കി കർത്താവ് കല്പിച്ച വഴിയിലൂടെ അവന്റെ ആലോചനപ്രകാരം യാത്ര ചെയ്യുന്നവരുടെ ജീവിതം വിജയപ്രദവും, സന്തോഷവുമായിരിക്കുമെന്ന് ഹോസ്ക്കോട്ട മിഷന്റെ പ്രാരംഭ പ്രവർത്തകരായ ജോസ്ഫ് അപ്പച്ചനും, ജോസഫ് അമ്മച്ചിയും, അവരുടെ കുഞ്ഞുങ്ങളും നമുക്ക് മാതൃക കാട്ടിത്തന്നു.

കേരളത്തിൽ ഗവർൺമെന്റ് ഉദ്യോഗസ്ഥനായി പ്രവർത്തിച്ചുകൊണ്ടിരുന്ന അപ്പച്ചനും, അദ്ധ്യാപികയായി പ്രവർത്തിച്ചുകൊണ്ടിരുന്ന ജോസഫ് അമ്മച്ചിയും കേരളത്തിലെ എല്ലാ സുഖസൗകര്യങ്ങളും വെടിഞ്ഞ് കർണ്ണാടക പ്രദേശത്തുള്ള ഹോസ്ക്കോട്ടയിൽ സുവിശേഷത്തിന്റെ വിത്തുകൾ വാരി വിതറി. വിളിച്ചവൻ വിശ്വസ്ഥൻ എന്ന് എണ്ണിക്കൊണ്ട് മേഗനപോട്ടയിൽ ഒരു വാടക വീട്ടിൽ താമസമാരംഭിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ചു. വീടിനു മുൻപിൽ കിണറുകളോ പൈപ്പുകളോ ഉണ്ടായിരുന്നുല്ല. എങ്കിൽ തന്നെയും ചുരുങ്ങിയ സാഹചര്യത്തിൽ ജീവിച്ചുകൊണ്ട് മിഷനു സ്വന്തമായി സ്ഥലവും, പാർപ്പിട സൗകര്യങ്ങളും ഉണ്ടാക്കി. ഈ സമയത്ത് സദൃശവാക്യം 30:26 -ാം വാക്യം ഓർത്തുപോകുകയാണ്. "കുഴിമുയൽ ശക്തി ഇല്ലാത്ത ജാതി എങ്കിലും അതു പാറയിൽ പാർപ്പിടമുണ്ടാക്കുന്നു." ജോസഫ് അപ്പച്ചന്റെ ശാന്തസ്വഭാവവും, സാവധാനതയും, ജ്ഞാനവുമെല്ലാം. സ്വയം താഴ്ത്തി നാം ഇവിടെ ഇരിക്കുന്നത് നന്ന് എന്ന് മനസിലാക്കിക്കൊണ്ട് പാർപ്പിടം ഉണ്ടാക്കി. ഇന്ന് അത് പടർന്ന് പന്തലിച്ച് വലിയ മരമായി തീർന്നിരുക്കുകയാണ്. ഇതിന്റെ ഫലം അനുഭവിക്കുന്നവർ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചു കടന്നുപോയിട്ടുള്ള ഇവരെ മറന്നു കളയരുത്.

ജോസ്ഫ് അപ്പച്ചൻ അലസനായി വീട്ടിൽ ഇരിക്കുന്നത് കണ്ടിട്ടില്ല എന്ന് അയൽവാസികളായി താമസിച്ചിരുന്ന മുനിയപ്പനും, ആജ്ഞാനപ്പനും, കൃഷ്ണപ്പനും പറയുകയുണ്ടായി. വെളുത്തു



www.nalloorlibrary.com

ചുവന്ന അപ്പച്ചൻ അദ്ദേഹത്തിന്റെ സൗന്ദര്യത്തെ വകവയ്ക്കാതെ "ജഡത്തിന്റെ ചിന്ത മരണം, ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നേ" എന്നുള്ള മുദ്രാവാക്യവുമായി ചുറ്റുപാടുമുള്ള ഗ്രാമ പ്രദേശങ്ങളിൽ വെയിലും ചൂടും സഹിച്ച് കർത്താവിന്റെ വചനം ഘോഷിച്ചു.

ജോസഫ് അപ്പച്ചന്റേയും അമ്മച്ചിയുടേയും വ്യക്തി മുദ്ര ഹോസ്ക്കോട്ടയിലും ചുറ്റുപാടുകളിലും പാർക്കുന്ന ആളുകൾ മനസ്സിലാക്കി. അപ്പച്ചൻ താമസിച്ചിരുന്ന വീടിനടുത്ത് ഒരു കുട്ടിയുടെ ദേഹത്ത് തിളച്ച കഞ്ഞി വീണു. കുട്ടിയുടെ നിലവിളി കേട്ട ജോസഫ് അപ്പച്ചൻ ഓടി ചെന്ന് വേണ്ട പ്രഥമ ശുശ്രൂഷകൾ ചെയ്തു. അപ്പച്ചന്റെ ആതുരമനോഭാവം ഇന്നും ആ ഭവനത്തിലുള്ളവർ മറന്നിട്ടില്ല. ഇങ്ങനെ എത്ര എത്ര സംഭവങ്ങൾ.

അപ്പച്ചൻ ജോലിയിൽ നിന്നും വിരമിച്ചിരുന്ന അവസരത്തിൽപോലും ക്യാമ്പസിൽ വന്ന് എല്ലാവരോടും സഹകരിച്ച് കുശലപ്രശ്നങ്ങൾ നടത്തി ദൈവകൃപയിൽ ഞങ്ങളെ ഉറപ്പിച്ചിരുന്നു. ആ സമയത്ത് അപ്പച്ചൻ പറഞ്ഞ ഒരു സത്യം ഓർക്കുന്നു. "അബ്രഹാം ഇറങ്ങി പുറപ്പെട്ടു. അതുപോലെ ഞാനും ഇറങ്ങി പുറപ്പെട്ടു. അബ്രഹാമിന്റെയും, യിസഹാക്കിന്റെയും, യാക്കോബിന്റെയും ദൈവം എന്റെ ദൈവം. വിളിച്ചവനായ ദൈവം വിശ്വസ്ഥൻ, അവൻ ജീവപര്യന്തം വഴി നടത്തും." അപ്പച്ചന്റെ ഉറച്ച ദൈവവിശ്വാസം എന്റെ ജീവിതത്തിൽ എനിക്ക് ഒരു മുതൽക്കൂട്ടായി ഇന്നും നിലകൊള്ളുന്നു.

ഹോസ്ക്കോട്ട മിഷനിൽ വളരെ അഴകാർന്ന Eucalyptus മരങ്ങൾ മിഷൻ പരിസരത്തെ മോടി പിടിപ്പിച്ചിരുന്നു. ആ മരങ്ങൾക്ക് വെള്ളം കോരി വളർത്തിയതു അപ്പച്ചന്റെ പ്രീയപ്പെട്ട മക്കളായിരുന്നു. കൃഷിക്കാദ്യങ്ങളിലും അപ്പച്ചന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. പഞ്ഞിപ്പുല്ല്, കപ്പലണ്ടി, കറിവേപ്പില, വാഴ എന്നിവയെല്ലാം ഇവയിൽ ഉൾപ്പെട്ടിരുന്നു. മുയൽ വളർത്തുന്നതും അപ്പച്ചന്റെ ഒരു ഹോബിയായിരുന്നു. ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി എല്ലാ മേഖലകളിലും പ്രശോഭിച്ചു. മാർത്തോമ്മ സഭയുടെ പ്രശസ്തിയാർജ്ജിച്ച ഒരു മിഷൻ കേന്ദ്രമായി ഇതു വളർന്നത് അപ്പച്ചനും കുടുംബവും ഒരു മാതൃകാ ക്രിസ്തീയ

ഭവനമായി പ്രസംഗത്തേക്കാളുപരി പ്രവർത്തന മണ്ഡലങ്ങളിലും വിവിധ രീതികളിലും മാതൃക കാട്ടിയതുകൊണ്ടു മാത്രമാണ്.

ഹൃദയത്തേയും, മനസ്സിനേയും തട്ടിയുണർത്തുന്ന അമ്മച്ചിയുടെ സംസാരം ആരെയും നില നിർത്തും. ഭക്തരഹള്ളിയിലുണ്ടായിരുന്ന കോടമ്മ (ഭാഗ്യമ്മ) ശിവനാപുരത്തെ അണ്ണയപ്പ. ഇങ്ങനെ പലരോടുമുള്ള പെരുമാറ്റം, യേശുക്രിസ്തുവിന്റെ സ്നേഹം വിളിച്ചറിയിക്കുന്ന തരത്തിലുള്ളതായിരുന്നു. സഹ പ്രവർത്തകരോടുള്ള സ്നേഹവും കരുതലും മറക്കാനാവതില്ല. അമ്മച്ചി ആരൊടു ദേഷ്യപ്പെട്ടാലും കോപം വെച്ചുകൊണ്ടിരിക്കാതെ പ്രശ്നം വേഗത്തിൽ പരിഹരിക്കുമായിരുന്നു. അമ്മച്ചി OPD യിൽ ആണ് ഇരുന്നിരുന്നത്. എങ്കിൽ തന്നെയും ചുറ്റുപാടും കണ്ണുണ്ടായിരുന്നു. ആര് ക്യാമ്പസിനുള്ളിൽ വന്നാലും അവർ അലഞ്ഞു തിരിയേണ്ട അനുഭവം അവർക്കുണ്ടാവില്ല. മാനിക്കേണ്ടുന്നവരെ മാനിക്കുവാനും ശകാരിക്കേണ്ടവരെ ശകാരിക്കുവാനും, തെറ്റു കണ്ടാൽ അത് തെറ്റാണെന്ന് തറപ്പിച്ചു പറയുവാനുള്ള മനോധൈര്യം അമ്മച്ചിക്കുണ്ടായിരുന്നു.

കർത്താവിനെ പിൻപറ്റുന്നവർക്ക് പലശോധനകളും, കഷ്ടപ്പാടുകളും സ്വാഭാവികമാണ്. അപ്പോൾ നാം തളർന്നു പോകാതെ ലക്ഷ്യപ്രാപ്തിയിലേക്ക് ഓടണമെന്ന് അപ്പച്ചൻ പലപ്പോഴും പറയുമായിരുന്നു.

പ്രതിഷ്ഠിക്കപ്പെട്ട ജീവിതം നയിച്ചുകൊണ്ട് ഈ ലോകത്തോടു വിടപറഞ്ഞ അമ്മച്ചിയെ, അപ്പച്ചൻ സന്തോഷത്തോടെ യാത്രയാക്കി. അമ്മച്ചിയുടെ മരണശേഷവും കർത്താവിലുള്ള വിശ്വാസത്തിലും, ദൈവ വാഗ്ദത്തത്തിലും വിശ്വസിച്ചുകൊണ്ട് എല്ലാവർക്കും മാതൃകാ പുരുഷനായി ജീവിച്ച് ക്രിസ്തുവിന്റെ ധീരഭടനായി ജീവിതം നയിച്ച അപ്പച്ചൻ താൻ ഈ ലോകത്തിൽ ഏറ്റവും അധികം പ്രീയം വച്ച ഹോസ്ക്കോട്ട മിഷനിൽ വച്ചുതന്നെ മരിച്ചു. പ്രത്യാശയോടുകൂടിയ അപ്പച്ചന്റെ മരണം കാണുവാനും എനിക്കു ദൈവം കൃപ ചെയ്തു.

ജയ ജീവിതം നയിച്ച് ജീവിച്ച അപ്പച്ചന്റേയും അമ്മച്ചിയുടേയും നല്ല മാതൃക നമ്മുടെ ജീവിതത്തിലേക്കു പകർത്തി, അവർ നമുക്ക് തെളിയിച്ച തന്ന കൈത്തിരി അണയാതെ സൂക്ഷിക്കാം. അവരുടെ



www.nalloorlibrary.com

പ്രതിഷ്ഠിക്കപ്പെട്ട ജീവിതം, ശുശ്രൂഷ ഇവയെല്ലാം നമ്മുടെ ജീവിതത്തിലേക്ക് പകർത്താം.

**വർഗ്ഗീസ് കെ. വി.**
**വർഗ്ഗീസ് മെഡിക്കൽസ്**
**കെ. ആർ. റോഡ്,**
**ഹോസ്ക്കോട്ട താലൂക്ക്, ബാംഗ്ലൂർ**

# ജോസഫ് അപ്പച്ചനും അമ്മച്ചിയും ഞങ്ങളുടെ ഓർമ്മയിൽ

1979 ആഗസ്റ്റ് മാസത്തിലാണ് എന്നെ സുവിശേഷ പ്രസംഗസംഘം ഹോസ്ക്കോട്ട മിഷനിലേക്ക് നിയോഗിച്ചത്. അന്ന് ഹോസ്പിറ്റലിൽ റിസപ്ഷനിസ്റ്റ് ആയി പ്രവർത്തിച്ചിരുന്ന മിസസ്സ്. ജോസഫിനെ (ജോസഫ് അമ്മച്ചി എന്നറിയപ്പെട്ടിരുന്നു) പരിചയപ്പെടുവാൻ സാധിച്ചു. മാത്രമല്ല, വിട്ടിലേക്ക് ഒരു ക്ഷണവും ലഭിച്ചു. ജോസഫ് അപ്പച്ചനെകുറിച്ച് ആദ്യമായി കേൾക്കുന്നത് 1978 -ൽ ആണ് എന്നാണ് എന്റെ ഓർമ്മ. അന്ന് ഞാൻ ബംഗാരപ്പേട്ട SIBS -ൽ വിദ്യാർത്ഥി ആയിരുന്നു. ആനന്ദഗിരി ജാത്രയിൽ സംബന്ധിക്കാൻ ഹോസ്ക്കോട്ട മിഷനറിയായിരുന്ന ഇ. ജെ. ജോർജ് അച്ചന്റെ മകൾ സാറയും (ഇപ്പോൾ ഡോ. സാറ) കൂട്ടത്തിൽ മറ്റൊരു പെൺകുട്ടിയും വന്നിരുന്നു. അന്വേഷിച്ചപ്പോൾ ജോസഫ് അപ്പച്ചന്റെ മകൾ കുഞ്ഞുമോൾ ആണ് എന്നറിഞ്ഞു. അങ്ങനെയാണ് ജോസഫ് അപ്പച്ചനെ കുറിച്ച് ആദ്യമായി കേൾക്കുന്നത്. കുടുംബമായി അവർക്ക് സുവിശേഷവേലയിലുള്ള താത്പര്യമാണ് ഇത്രയും ദൂരം യാത്ര ചെയ്ത് കുഞ്ഞുമോൾ അവിടെ എത്താൻ കാരണമെന്നാണ് എന്റെ വിശ്വാസം. ഞാൻ ഹോസ്ക്കോട്ട മിഷനിൽ ചേർന്ന അന്നു തന്നെ അപ്പച്ചൻ എന്നെ കാണുവാനും പരിചയപ്പെടുവാനുമായി ആഫീസിലേക്ക് വന്നു. അപ്പച്ചന്റെ സ്വദേശം മാരാമൺ ആണെന്നും ഒരു അഞ്ചൽ മാസ്റ്ററായിരുന്നു എന്നും മനസ്സിലായി. എന്റെ പിതാവും ഒരു പോസ്റ്റ് മാസ്റ്ററാണെന്നും, മാരാമൺ പോസ്റ്റാപ്പീസിൽ ഇരുന്നിട്ടുള്ള ആളാണെന്നും, എന്റെ ജനനം ആ സമയത്ത് അവിടെ ആയിരുന്നു എന്നും പറഞ്ഞപ്പോൾ അപ്പച്ചന് ഒരു അയൽക്കാരനെ കണ്ടതുപോലുള്ള സന്തോഷമായിരുന്നു.

മിതഭാക്ഷിയും, ശാന്തശീലനും, കരുതലുള്ളവനും, തന്റെ കർത്തവ്യത്തോടും, പ്രവർത്തിക്കുന്ന സ്ഥാപനത്തോടും, തികഞ്ഞ വിശ്വസ്തത പുലർത്തിയിരുന്ന ഒരാളും ആയിരുന്നു അപ്പച്ചൻ. സ്ഥാനമാനങ്ങൾക്കും, ധനസമ്പാദനത്തിനും ശ്രമിക്കാതെ സർക്കാരുദ്യോഗം രാജിവച്ച്, നാട്ടുകാരെയും സ്വന്തക്കാരെയും വിട്ട് ഒരു കുഗ്രാമത്തിൽ വന്ന് ഒരു വാടക വീട്ടിൽ താമസിപ്പാൻ മനസ്സുവച്ച് ദൈവരാജ്യകെട്ടുപണിയിൽ പങ്കാളിയാവുകയായിരുന്നു.



ഞാൻ അത്മായ ശുശ്രൂഷകനായി ഹോസ്ക്കോട്ട ഇടവകയിൽ ശുശ്രൂഷ ചെയ്യുമ്പോൾ കന്നട പദപ്രയോഗങ്ങളിൽ ഉണ്ടാകുന്ന തെറ്റുകൾ ആരാധന കഴിഞ്ഞ് അപ്പച്ചൻ തിരുത്തി തരുമായിരുന്നു. അത് ഭാവി പ്രവർത്തനത്തിന് എനിക്ക് വളരെ സാഹായകരമായി തീർന്നു. ഞാൻ മിഷന്റെ ആഫീസിൽ ജോലി ചെയ്തിരുന്നതുകൊണ്ട് അപ്പച്ചൻ എന്നെ "റൈറ്റർ" എന്നാണ് പറഞ്ഞിരുന്നത്. അമ്മച്ചിയുടെ മരണശേഷം അപ്പച്ചൻ ക്ഷീണിതൻ ആയിരിക്കുമ്പോൾ പോസ്റ്റാപ്പീസിലും മറ്റും എന്തെങ്കിലും കാര്യം സാധിക്കാനുണ്ടെങ്കിൽ എന്നെ ഏല്പിക്കുമായിരുന്നു. അതുപോലെ തന്നെ ഞങ്ങൾ രണ്ടു പേരും ഒരു സൊസൈറ്റിയുടെ അംഗത്വവും എടുത്തിരുന്നു. അവിടെ നിന്നും ലഭിച്ചിരുന്ന ലാഭവിഹിതമൊക്കെ ഞാനാണ് അപ്പച്ചനുവേണ്ടി പോയി വാങ്ങി കൊടുത്തിരുന്നത്. അത്രയുമൊക്കെ അപ്പച്ചനുവേണ്ടി ചെയ്യുവാൻ സാധിച്ചല്ലോ എന്നോർക്കുമ്പോൾ ഒരു സംതൃപ്തിയാണുള്ളത്.

അതിഥികളെ സ്വീകരിപ്പാൻ അമ്മച്ചിക്ക് പ്രത്യേക താത്പര്യം ആയിരുന്നു. അതിഥികൾക്കുവേണ്ടി അമ്മച്ചി പ്രത്യേകം പാത്രങ്ങളൊക്കെ സൂക്ഷിച്ചിരുന്നു. അപ്പച്ചൻ എന്നെ എവിടെയെങ്കിലും അയച്ചാൽ തിരിച്ചുവരുമ്പോൾ എനിക്കിഷ്ടമുള്ള തണുത്ത മോരും വെള്ളം അമ്മച്ചി തയ്യാറാക്കി വെച്ചിരിക്കുമായിരുന്നു. മിഷൻ കോമ്പൗണ്ട് സ്വന്തം വീടു പോലെ അമ്മച്ചി സ്നേഹിച്ചിരുന്നു. ആരെങ്കിലും കോമ്പൗണ്ടിൽ നിന്നും എന്തെങ്കിലും എടുത്തുകൊണ്ട് പോവുകയോ മറ്റോ ചെയ്താൽ അമ്മച്ചി duty സ്ഥലത്തു നിന്നും വന്ന് അവരെ വഴക്കു പറയുമായിരുന്നു.

ഹോസ്ക്കോട്ട മിഷനിൽ ആദ്യമായി ആഫീസ് ആരംഭിച്ചപ്പോൾ (1979) സൗകര്യങ്ങളൊക്കെ വളരെ പരിമിതമായിരുന്നു. ആഫീസിലേക്ക് ഒരു calculator സംഭാവനയായി നൽകിയത് അപ്പചന്റെ മകൻ ജെയ്മോൻ ആയിരുന്നു. മിഷനുമായുള്ള ബന്ധത്തിൽ കുഞ്ഞുങ്ങളെയും വളർത്തി കൊണ്ടുവന്നതിനാലാണ് അവർക്കും ഈ താത്പര്യം ഉണ്ടായത് എന്ന് ഞാൻ വിശ്വസിക്കുന്നു. പിന്നീട് ആ calculator ആഫീസിൽ എനിക്ക് വളരെ സഹായകരമായി തീർന്നു. അമ്മച്ചി visiting visa യിൽ Dubai യിലും മറ്റും പോയിരുന്നപ്പോൾ മിഷൻ പ്രവർത്തനങ്ങളെ കുറിച്ച് അവിടത്തെ സേവികാസംഘത്തിൽ പറയുകയും മിഷൻ പ്രവർത്തനങ്ങൾക്ക്



www.nalloorlibrary.com

സഹായം ലഭിക്കത്തക്കവണ്ണം വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തിരുന്നു.

തങ്ങളുടെ ശവസംസ്കാരം പോലും ഗ്രാമത്തിലായിരിക്കണമെന്ന് താത്പര്യമുണ്ടാക തക്ക വിധമായിരുന്നു അവർ രണ്ടു പേരും ഗ്രാമക്കാരുമായി ഇണങ്ങിചേർന്നിരുന്നത്. അവർ പ്രത്യാശ വെച്ച നാട്ടിലേക്ക് എടുക്കപ്പെട്ടു എങ്കിലും ഓർമ്മയിൽ ഇന്നും അവർ ഹോസ്ക്കോട്ടയിൽ തന്നെയുള്ളതായി അനുഭവപ്പെടുന്നു.

**റവ. പി. ഇ. മാത്യു, ലാലി മാത്യു**
**മാർത്തോമ്മ മിഷൻ ഹൗസ്**
**കുംത പി. ഒ, 581343**
**കർണ്ണാടക**



## വാർത്തകൾ (സുവിശേഷ ദൂതൻ)

### മിസിസ് മറിയാമ്മ ജോസഫ് - ഹോസ്ക്കോട്ട - നിര്യാതയായി

കുമ്പനാട് പുളിക്കക്കുഴി കുടുംബത്തിൽ ജനിച്ച മറിയാമ്മ, കുമ്പനാടും ഇരവിപേരൂരും വിദ്യാഭ്യാസം കഴിഞ്ഞ് 8 വർഷം അദ്ധ്യാപികയായി ജോലി ചെയ്തു. ആ സമയത്താണ് മാരാമൺ ശ്രീ. എ. റ്റി. ജോസഫുമായുള്ള വിവാഹം നടന്നത്. ഹോസ്ക്കോട്ടയിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്ന ആഹ്വാനം കേട്ടപ്പോൾ, ജോസഫ് സാറും മറിയാമ്മയും, 2 വയസ്സുള്ള മകളും കൂടി ശ്രീ എ. സി. സക്കറിയാ (പിന്നീട് റവ. എ. സി. സക്കറിയ) യുടെ കുടുംബത്തോട് ചേർന്ന് ഹോസ്ക്കോട്ടയിൽ വന്നു. വിശ്വാസ പാതയിൽ മുൻപോട്ടു പോകുന്നതിനുള്ള സന്നദ്ധതയോടും പ്രതിഷ്ഠയോടും ദർശനത്തോടും കൂടെ, 1947 ജൂൺ മാസം 27 -ാം തീയതി ഹോസ്ക്കോട്ടയിൽ ക്രിസ്ത സാക്ഷ്യ സംഘം സ്ഥാപിച്ചു. കർണ്ണാടക ഭാഷ വശമാക്കി, ഗ്രാമങ്ങൾ സന്ദർശിച്ച്, സുവിശേഷം അറിയിച്ചു. കൊച്ചമ്മയ്ക്ക് സംഗീതത്തിൽ പ്രത്യേക താത്പര്യം ഉണ്ടായിരുന്നു. നല്ല ഓർമ്മ ശക്തിയും, കാര്യ പ്രാപ്തിയും, ബുദ്ധി സാമർത്ഥ്യവും കൊച്ചമ്മയുടെ പ്രത്യേകതകളാണ്. ബൈബിൾ സൊസൈറ്റി നടത്തിയ മനപ്പാഠവാക്യ മത്സരത്തിൽ പർവ്വതപ്രസംഗം മുഴുവൻ ഒരു തെറ്റും ഇല്ലാതെ എഴുതി ഒന്നാം സമ്മാനം കരസ്ഥമാക്കി. അന്നന്നത്തെ ജോലി അന്ന് തന്നെ ചെയ്തു തീർക്കണമെന്ന് കൊച്ചമ്മയ്ക്ക് വലിയ നിഷ്ഠയായിരുന്നു.

മാർത്തോമ്മ സുവിശേഷ സംഘം 1965 -ൽ ആശ്രമം ഏറ്റെടുത്തു. തുടർന്ന്, ഹോസ്ക്കോട്ട മിഷൻ എന്ന നിലയിൽ, ആശുപത്രി, ഗ്രാമങ്ങളിലെ സാമൂഹ്യ പ്രവർത്തനം ഇവ ആരംഭിച്ചു. കൊച്ചമ്മ ആശുപത്രി പ്രവർത്തനത്തിൽ സഹായിച്ചു. അനേകം ആളുകൾ കർത്താവിന്റെ ഭാഗത്തു വരുന്നതിനിടയായി.

ഹോസ്ക്കോട്ട് ഇടവകയുടെ ട്രസ്റ്റിയായും കൈസ്ഥാനസമിതി അംഗമായും സേവികാസംഘം പ്രവർത്തകയായും ഇടവകയിൽ അനുഷ്ഠിച്ചുള്ള സേവനം സ്തുത്യർഹങ്ങളാണ്. കൊച്ചമ്മയും ജോസഫ് സാറും മാതൃകാപരമായ ഒരു കുടുംബജീവിതമാണ് നടത്തിയത്. ഇവർക്ക് 3 പെൺമക്കളും ഒരു മകനുമാണുള്ളത്.



www.nalloorlibrary.com

കൊച്ചമ്മ, അതിഥിസൽക്കാരത്തിൽ തല്പരയായിരുന്നു, പ്രത്യേകിച്ച് സാധുക്കളെ സ്വീകരിക്കുന്നതിലും സഹായിക്കുന്നതിലും.

തന്റെ 73 -ാമത്തെ വയസ്സിൽ കൊച്ചമ്മ രോഗബാധിതയായി. 53 ദിവസം ബാംഗ്ലൂർ ഫിലോമിനാ ആശുപത്രിയിൽ കിടന്നു. 1986 ജൂൺ 19 -ാം തീയതി രാവിലെ 5.30 -ന് സ്വഭവനത്തിൽ വച്ച് കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം അന്നു തന്നെ 3 മണിക്ക് ഗൊണക്കനഹള്ളിയിൽ ഉള്ള സെമിത്തേരിയിൽ നടത്തി.

"ഞാൻ നല്ല പോർ പൊരുതു - ഓട്ടം തികച്ചു. വിശ്വാസം കാത്തു. നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു."

കൊച്ചമ്മയുടെ ഈ നല്ല മാതൃക നമ്മുടെ ജീവിതത്തിലും പ്രാവർത്തികമാക്കേണ്ടതല്ലയോ?

**റവ. പി. വി. ഫിലിപ്പ്**
**മിഷനറി**
**ഹോസ്ക്കോട്ട**
**26–6–1986**



www.nalloorlibrary.com

## ജനറൽ സെക്രട്ടറിയുടെ കത്ത്

പ്രീയ സ്നേഹിതരെ,

അടുത്ത സമയത്തു സുവിശേഷസംഘവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന രണ്ടു പേർ നിര്യാതരായി.

ഹോസ്ക്കോട്ട മിഷന്റെ സ്ഥാപകരിൽ ഒരാളായ മിസിസ്. പെണ്ണമ്മ ജോസഫ് ജൂൺ 19 -ാം തീയതി ഹോസ്ക്കോട്ടയിൽ വച്ചു നിര്യാതയായി. ശവസംസ്കാരം ഹോസ്ക്കോട്ട മിഷന്റെ വകയായുള്ള ശ്മശാനത്തിൽ നടത്തപ്പെട്ടു. ഭർത്താവ് ശ്രീ. എം. റ്റി. ജോസഫിനോടും, റവ. എ. സി. സഖറിയ, മിസിസ് സഖറിയ എന്നിവരോടും ചേർന്ന് സാഹസികമായ സുവിശേഷവേലയ്ക്ക് നേതൃത്വം നല്കിയ മിസിസ് ജോസഫ്, ഫീൽഡിലെ എല്ലാ പ്രവർത്തനങ്ങളിലും സജ്ജീവമായി പ്രവർത്തിച്ചിരുന്നു. ഹോസ്ക്കോട്ടു ആശുപത്രി ആരംഭിച്ചപ്പോൾ അതിന്റെ പ്രവർത്തനങ്ങളോട് ബന്ധപ്പെടുകയും 1985 ആരംഭം വരെ ആ പ്രവർത്തനങ്ങളിൽ തുടരുകയും ചെയ്തു. ജോലിയിൽ നിന്നു വിരമിച്ച ശേഷം ഹോസ്ക്കോട്ട മിഷൻ കേന്ദ്രത്തിനടുത്ത് തന്നെ വീടു വച്ച് ജോസഫും കുടുംബവും താമസിക്കുകയായിരുന്നു. കഴിഞ്ഞ ചില മാസങ്ങളായി രക്തസമ്മർദരോഗം ബാധിച്ചിരുന്ന മിസിസ് ജോസഫ്, ചികിത്സക്കായി ബാംഗ്ലൂർ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടിരുന്നു. പെട്ടെന്നു രോഗം മൂർഛിക്കുകയും നിര്യാതയാവുകയും ചെയ്യുകയുമാണുണ്ടായത്.

ഗ്രാമീണരുമായി ഇടപെട്ടു സുവിശേഷം അറിയിക്കുന്നതിൽ ശ്രദ്ധാലുവായിരുന്ന മിസിസ്. ജോസഫ് പല ആളുകളെ ക്രിസ്തീയ വിശ്വാസത്തിലേക്ക് നയിക്കാൻ ദൈവകരങ്ങളിൽ ഉപകരണമായിരുന്നു. മിഷൻഫീൽഡിൽ തന്നെ അന്ത്യവിശ്രമം കൊള്ളുവാനുള്ള തന്റെ താത്പര്യം മിസിസ് ജോസഫ് പ്രദർശിപ്പിച്ചിരുന്നു. പല പ്രവർത്തകരും പ്രവർത്തന രംഗത്തു നിന്നു സ്വദേശത്തേക്കു മടങ്ങിച്ചേരുവാൻ ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ തന്റെ മിഷൻ ഫീൽഡിൽ തന്നെ അലിഞ്ഞുചേരുവാൻ മിസിസ് ജോസഫ് പ്രദർശിപ്പിച്ച താത്പര്യം അനുകരണീയമാണ്.

മിസിസ്. പെണ്ണമ്മ ജോസഫിന്റെ ധന്യമായ ജീവിതവും സാക്ഷ്യവുമോർത്ത് ദൈവത്തെ സ്തുതിക്കുകയും, ശ്രീ. എ. റ്റി. ജോസഫിനോടും കുടുംബാംഗങ്ങളോടുമുള്ള അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
റവ. ജോർജ്ജ് അലക്സാണ്ടർ
ജനറൽ സെക്രട്ടറി, മാർത്തോമ്മ സുവിശേഷ പ്രസംഗ സംഘം
തിരുവല്ല
19-6-86



www.nalloorlibrary.com

## NOTES

**Anchal Master :-** Anchal Master, the term used to call a Post Master of the Anchal Service. Anchal was the Postal system which prevailed in the Kingdom of Travancore. It was an autonomous system directly under the Maharaja of Travancore which handled all the postal services inside the Travancore Kingdom. Outside the Kingdom the Postal service was handled by the British Government. This service was discontinued after Indian Independence on 1st April 1951. All Anchal masters were absorbed by Indian Postal Service as Post Masters.

**Christa Sakshaya Sangha : -** In Kannada, Christa means Christ, Sakshaya means Witnessing and Sangha means Group or Society. This name was adopted by for the Hoskote Ashram in 1947. This was later discontinued when the Ashram was taken over by the Evangelistic Association in 1965.

**Gonakanahally :-** This is a village 12 Km from Hoskote. This is the village where the first believers (Abraham and Sarah) are living. Now there is a Mar Thoma Church and a full time Evangelist working there. This place has a Christian cemetery where Mr. & Mrs. M.T. Joseph are laid to rest.

**Manon House :-** Manon is the house name of Mr. M.T. Joseph in Maramon which is on the banks of the River Pamba. The world's largest annual Christian gathering, the Maramon convention is held just a kilometer away from this house. Manon House is a branch of the Palakunnathu Family of Maramon.

**Jathra : -** A gathering of people for various reasons. It is held annually, and reasons could be festivals, cattle fairs, crop fairs and later used to address a gathering of believers and non-believers for fellowship.

**Karnataka -** Karnataka was formerly known as Mysore State. On

Nov 1, 1973 the name was changed to Karnataka State.

**Maramon Convention -** A mammoth religious convention of Christians, but attended by people belonging to all communities, is held at Maramon, near Kozhencherry, every year on the vast sandy beds of the river Pamba. The convention, takes place in February in an atmosphere of devotion and lasts for a period of seven days. Addressed by speakers of international repute and attended by devotees innumerable, this is the largest Christian convention in the world. The centenary celebration of the convention was held in February 1995.



www.nalloorlibrary.com

## About the Writers

### ENGLISH

**Manon Ousephachen -** Rt. Rev. Dr. Joseph Mar Irenaeus Suffragan Metropolitan.
*Rt. Rev. Dr. Joseph Mar Irenaeus Suffragan Metropolitan is the Suffragan Metropolitan of the Mar Thoma Syrian Church.

**Builders of the Kingdom of God -** Joseph Mar Barnabas Episcopa.
Joseph Mar Barnabas Episcopa used to visit the Hoskote Mission Field and his elder brother Rev. E. J. George. Rev. George was missionary in Hoskote from 1ST June I965 to 15th May 1979.

**Speaking Ill of Others ! -** Acharya Rev. K. J. Samuel
Acharya Rev. K. J. Samuel, worked as a missionary in Hoskote Mission from 1985-1988 and 1994-1995.

**A Reflection on the life of Mr. and Mrs. M.T. Joseph -** Rev. P. V. Philip
Rev. P. V. Philip worked as a missionary in Hoskote Mission Field from 1979 to 1986. He now resides in Hoskote.

**A Pillar in the Temple of God -** Rev. P. Chacko and Mrs. Thankamma Chacko
Rev. P. Chacko and Mrs. Thankamma Chacko served in the Hoskote Ashram from 1956 - 1964.

**Blessing Harper -** Miss Blessing
Miss. Blessing was one of the first inmates of the House of Praise Orphanage at Hoskote. Now she lives in the Mar Thoma Ashram, Ankola, North Karnataka.

**Consolation Letter -** Rev. A.C. Zachariah
Rev. A.C. Zachariah and Mrs. Zachariah were the co-founders of

Hoskote Mission with Mr. and Mrs. M. T. Joseph.

**Appachen -** Dr. Rajan Koshy
Dr. Rajan Koshy is the son of Mr. M. T. Koshy (M.T. Joseph's younger brother). Dr. Rajan currently works as a Research Consultant with WHO (World Health Organization).

**M. T. Joseph -** Very. Rev. C. G. Alexander
Very. Rev. C. G. Alexander was the Travelling Secretary of the Mar Thoma Evangelistic Association from 1963 to 1967. After which he became the General Secretary of the Mar Thoma Church and then Vicar General.

**Impressions and Reflections -** Mrs. E.V. Mathew
Adv. & Mrs. E.V. Mathew were active members of the Cubbon Park Prayer Fellowship which was instrumental for the formation of the Hoskote Mission.

**Early Days of Pennamma (Mrs. M.T. Joseph) -** Some details have been taken from the family history (Kudumba Yogham reports).

**Memoirs of 'Hoskote Ashram', the place where I grew up -** Thomas Joseph (Jay)
Thomas Joseph is the son of Mr. and Mrs. M.T. Joseph.

**A more excellent way -** Grace John
Grace John is the second daughter of Mr. and Mrs. M.T. Joseph.

**My Beloved Mother -** Grace John
Grace John is the second daughter of Mr. and Mrs. M.T. Joseph.

**Hoskote Mission -** Rev. Dr. K. P. Mathai
Rev. Dr. K. P. Mathai was Missionary Achen at Hoskote Mission from 1986-1994. Achen was a Principal/ Professor of the South India Biblical Seminary at Bangararpet, from 1954-1986.



www.nalloorlibrary.com

## Malayalam

**My Memories about Hoskote Mission Field -** Rt. Rev. Dr. Alexander Mar Thoma Valia Metropolitan.
Rt. Rev. Dr. Alexander Mar Thoma Valia Metropolitan was the Metropolitan of the Mar Thoma Syrian Church from 1976 to 2000.

**Classmate of my Brother -** Rt. Rev. Philipose Mar Chrysostom Mar Thoma Metropolitan.
Rt. Rev. Philipose Mar Chrysostom Mar Thoma Metropolitan is the current Metropolitan of the Mar Thoma Church.

**Sweet Memories -** Mary and Sally
Mary and Sally (Daughters of Rev. A.C. Zachariah). Mary is the wife of Rev. K.T. George and Sally is the wife of Rev. K. Ninan George.

**Joseph Sar and family - Witnesses of Christ in Hoskote -** Mr. K. V. Mathew.
Mr. K. V. Mathew is an Evangelist working in Hoskote Mission Field.

**The Torch Bearers of the Gospel in Karnataka -** Mr. V. Mathai.
Mr. V. Mathai, is a retired Evangelist who worked in Hoskote.

**Appachen -** Ms. P.T. Mariamma.
Ms. P.T. Mariamma was an evangelist in Hoskote Mission. Now she is the Superior of Mar Thoma Sisterhood (Nun).

**Unforgettable Memories -** Mr. T. M. Koshy.
Mr. T. M. Koshy, is a retired Evangelist who worked in Hoskote Mission.

**Memories, Memories...-** Rev. E. J. George
Rev. E. J. George was missionary in Hoskote from 1ST June 1965 to 15th May 1979. His wife Dr. Sophie Kochamma was the first Medical Superintendent of Hoskote Mission Hospital.

**Joseph Sar and Kochamma still alive in my memory -** Ms. Aleyamma Mathew

Ms. Aleyamma Mathew is sister of Rev. A. C. Zachariah. She worked in the Hoskote Medical Mission as Nursing Superintendent.

**Two Brave Martyrs for Christ -** Mr. K. V. Varghese

Mr. K. V. Varghese was the pharmacist of Hoskote Medical Mission.

**Appachen and Ammachi in our Memory -** Rev. P.E. Mathew and Mrs. Laly Mathew

Rev. P.E. Mathew was evangelist in Hoskote Mission before being ordained. Mrs. Laly Mathew was the Lab Technician of Hoskote Medical Mission.

**Remembrance News Article -** An article written in Suvisesha Doothan - Magazine of the Mar Thoma Evangelistic Association (MTEA) announcing Mrs. Penamma Joseph's demise.

**MTEA General Secretary's Letter -** An article written by the General Secretary of MTEA in Suvisesha Doothan - Magazine of the MTEA, on the demise of Mrs. Penamma Joseph's with his comments.



www.nalloorlibrary.com